# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി2-1197/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 22/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി2-1197/2023 തീയ്യതി: 22/12/2023

## വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-10-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഖില മോഹൻ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2023 | 13-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 13-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ. ശശീന്ദ്രൻ.കെ. (ഓഡിറ്റ് ഓഫീസർ)
2. ശ്രീമതി. ബിന്ദു.കെ.കെ (അസി.ഓഡിറ്റ് ഓഫീസർ)
3. ശ്രീ.ഡേവിഡ്.കെ.വി (അസി.ഓഡിറ്റ് ഓഫീസർ)
4. ശ്രീ.അലിഅക്ബർ.കെ (അസി.ഓഡിറ്റ് ഓഫീസർ)
5. ശ്രീ.സമീർ.എം. (അസി.ഓഡിറ്റ് ഓഫീസർ)
6. ശ്രീമതി. ഇന്ദു.കെ.നായർ (സീനിയർ ഗ്രേഡ് ഓഡിറ്റർ )
7. ശ്രീ. അനിൽ ജോസ് ഡോമനിക്ക് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അംബിക ഷാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബോബൻ ചാക്കോ | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ.അലി.വി | സെക്രട്ടറി | 11-10-2022 | 31-03-2023 |
| ശ്രീ.സണ്ണിജോസഫ് | അസി.സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.ശ്രീജിത്ത്കുമാർ.വി | അസി.സെക്രട്ടറി | 01-06-2022 | 01-11-2022 |
| ശ്രീ.അബ്ദുൾ ലത്തീഫ്. കെ.കെ | അസി.സെക്രട്ടറി | 02-11-2022 | 31-03-2023 |
| ഡോ.ഷഹദാദ് കെ. | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2022 | 31-03-2023 |
| ഡോ.ശാന്തിനി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ശിവദാസൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിജ്ജഭരതൻ.ടി | ICDS സുപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സലോഷ് കെ.എൽദോ | അസി.എഞ്ചിനിയർ | 01-04-2022 | 28-05-2022 |
| ശ്രീ.ജയകുമാർ.ജി | അസി.എ്ഞ്ചിനിയർ | 29-05-2022 | 22-07-2022 |
| ശ്രീ.മോനിക പ്രസന്നൻ | അസി.എ്ഞ്ചിനിയർ | 23-07-2022 | 31-03-2023 |
| ശ്രീ.മുരളിധരൻ.എൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഷഫീഖ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഹരിഷ്.എച്ച് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ജിതിൻ തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

..

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | Directly Debited By Bank – തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-4 |
| 6 | നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല – തനത് ഫണ്ട് ബാലൻസ് മൈനസ് ആണ്. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-12 |
| 14 | കാരുണ്യ ലോൺ തിരിച്ചടവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-13 |
| 15 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 19 | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ | 1-11 |
| 26 | ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. | 1-12 |
| 27 | കോവിഡ് പ്രതിരോധം അക്കൗണ്ട് നീക്കയിരിപ്പ് ഫലപ്രഥമായി വിനിയോഗിക്കേണ്ടതാണ്. | 1-13 |
| 28 | അഡായി ശുദ്ധജലപദ്ധതി- തുടർനടത്തിപ്പ് കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. യൂസർഫി പിരിച്ചെടുക്കുന്നതും,ചെലവഴിക്കുന്നതും സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 29 | ടാക്സ് ഓഡിറ്റ് | 1-15 |
| 30 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ– രേഖകൾ പരിശോധിക്കാതെ പ്രവൃത്തികൾക്ക് തുക അനുവദിച്ചു | 1-16 |
| 31 | ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി- അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക എല്ലാ ഗുണഭോക്താകൾക്കും ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-17 |

| | | |
|---|---|---|
| 32 | അതിദരിദ്രർക്കുള്ള ഭക്ഷണവിതരണം-വിതരണരേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-18 |
| 33 | കുടിവെള്ളപദ്ധതികൾക്ക് തുക ചെലവഴിക്കുന്നു- വിശദവിവരങ്ങൾ ലഭ്യമല്ല. | 1-19 |
| 34 | ഫിക്സഡ് ഡെപ്പോസിറ്റ് പലിശ എല്ലാ ദിവസങ്ങൾക്കും ഈടാക്കേണ്ടതാണ്. | 1-20 |
| 35 | സ്നേഹയാനം ഓട്ടോ സർവ്വീസ് - അപാകങ്ങൾ | 1-21 |
| 36 | ആശുപത്രി കണ്ടിജൻസി ചെലവ് കണക്കുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. | 1-22 |
| 37 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-23 |
| 38 | വകുപ്പ്/തദ്ദേശ ഭരണസ്ഥാപനം മുഖേന ലഭ്യമാക്കുന്ന മരുന്നുകൾക്ക് - പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട്. | 1-24 |
| 39 | സംരക്ഷണ ഗ്രാന്റ് പാഴാക്കി. | 1-25 |
| 40 | മരാമത്ത് പ്രവൃത്തികൾ - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല. | 1-26 |
| 41 | സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-27 |
| 42 | വിവിധപദ്ധതികൾക്ക് വിട്ടുകിട്ടിയ ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-28 |
| 43 | എസ്.എസ്.കെ പദ്ധതി- തുക അധികം നൽകി - ക്രമീകരിച്ചില്ല | 1-29 |
| 44 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തികരിച്ചില്ല | 1-30 |
| 45 | വെറ്ററിനറി സർജ്ജൻ ഫയൽ സൂക്ഷിക്കുന്നതിൽ അപാകത | 1-31 |
| 46 | വനിതകൾക്ക് കറവ പശു വിതരണം- രേഖകൾ ലഭ്യമല്ല | 1-32 |
| 47 | പശുവിനെ ഉയർത്തുന്ന യന്ത്രങ്ങൾ വാങ്ങൽ– ക്ഷീര സഹകരണ സംഘങ്ങളുമായി കരാർ ചമച്ചിട്ടില്ല | 1-33 |
| 48 | വെറ്ററിനറി ആശുപത്രിയിലേക്ക് UPS വാങ്ങൽ– സ്റ്റോക്കിൽ എടുത്തിട്ടില്ല്ല | 1-34 |
| 49 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-35 |
| 50 | ഹരിതകർമ്മസേന പ്രവർത്തനവും, മാലിന്യ സംസ്കരണവും- നിരീക്ഷണങ്ങൾ | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ– രേഖകൾ പരിശോധിക്കാതെ പ്രവൃത്തികൾക്ക് തുക അനുവദിച്ചു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2/1 തിയ്യതി 23.06.2023 തീരുമാനം പ്രകാരം തയ്യാറാക്കി , 10.07.2023 തീയ്യതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കൽപ്പറ്റ**

**തീയതി:22.12.2023** **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒഎം.എസ്.നം.83/11/എൽ.എസ്.ജി.ഡി /28.03.2011), ചട്ടം 62-2(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ് ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂളിന്റെ വെർട്ടിക്കൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 1,33,44,176.00 രൂപയാണ്. എന്നാൽ, ഇതേ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 4,39,10,175.00രൂപയാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻേഡേർഡ് പ്രകാരം മേൽ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ക്യാഷ് ഫ്ലോ പത്രിക മേൽ പ്രകാരം പൊരുത്തപ്പെടാത്തതിനാൽ, പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-4 Directly Debited By Bank - തുകകൾ ക്രമീകരിച്ചിട്ടില്ല.

ബാങ്ക് റീകൺസിലിയേൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | തീയതി | തുക(₹) |
|---|---|---|---|---|
| 1 | കാനറ ബാങ്ക്, തൊണ്ടർനാട് | 1042201001030 | 30.04.2022 | 246.00 |
| | | | 16.09.2022 | 29.00 |
| | | | 31.10.2022 | 2.00 |
| | | | 31.03.2023 | 2,31,123.00 |

## 1-1-5 നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

ഗ്രാമ പഞ്ചായത്ത് ഇഷ്യൂ ചെയ്ത് മൂന്ന് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കാനറ ബാങ്ക്, തൊണ്ടർനാട് | 1042201001030 | 580450/20.12.21 | 7,106.00 |
| | | | 580553/07.03.22 | 17,172.00 |
| | | | 43988353/17.09.20 | 21,000.00 |
| | | | 580573/26.03.22 | 5,040.00 |

## 1-1-6 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്കിലെ തുക(₹) | രജിസ്റ്റർ പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | ടൂർ ട്രാവലിംഗ് അഡ്വാൻസ് തിരികെ ലഭിച്ചത് | 8,000.00 | 6,000.00 |
| 2 | ഫിക്സഡ് ഡെപ്പോസിറ്റ് മുന്നിരിപ്പ് | 35,42,555.00 | 34,61,921.00 |
| 3 | വസ്തു നികുതി കുടിശ്ശിക ഡിമാന്റ് | 3,08,693.00 | 3,16,182.00 |
| 4 | വസ്തു നികുതി കറന്റ് വരവ് | 44,59,460.00 | 44,54,896.00 |
| 5 | വസ്തു നികുതി കുടിശ്ശിക ബാക്കി | 4,03,219.00 | 4,24,441.00 |
| 6 | തൊഴിൽ നികുതി ജീവനക്കാർ വരവ് | 10,45,850.00 | 10,84,100.00 |
| 7 | വാടക കുടിശ്ശിക ഡിമാന്റ് | 51,920.00 | 51,970.00 |
| 8 | വാടക കുടിശ്ശിക വരവ് | 38,116.00 | 21,130.00 |

| | | | |
|---|---|---|---|
| 9 | വാടക കുടിശ്ശിക ബാക്കി | 60,190.00 | 30,840.00 |
| 10 | വാടക കറന്റ് വരവ് | 1,02,750.00 | 1,19,736.00 |
| 11 | തൊഴിൽ നികുതി ട്രേഡേഴ്സ് വരവ് | 2,76,360.00 | 4,93,220.00 |
| 12 | KURDFC ലോൺ 01.04.22- ന് തിരികെ അടവാക്കാനുള്ള തുക | 3,72,98,998.00 | 36,37,333.00 |
| 13 | KURDFC ലോൺ 31.03.23- ന് തിരികെ അടവാക്കാനുള്ള തുക | 4,67,95,236.00 | 3,55,452.00 |

## 1-1-7 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ |
| 2 | ആസ്തി രജിസ്റ്റർ |
| 3 | ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ |
| 4 | തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ/പ്രഫഷണൽസ് രജിസ്റ്റർ |
| 5 | കാരുണ്യ ലോൺ രജിസ്റ്റർ |

## 1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും വാടക ഇനത്തിലും കുടിശ്ശികയുണ്ട് ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല – തനത് ഫണ്ട് ബാലൻസ് മൈനസ് ആണ്.

ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള നിക്ഷേപ തുകയെക്കാൾ അധികമാണ് ബാധ്യതകൾ. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ആവശ്യത്തിന് വേണ്ടി ലഭിച്ച ആകെ തുകയും (₹ 9,31,75,957.00), ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആകെ തുകയും (₹ 4,49,297.00), ബി-9 ഷെഡ്യൂൾ പ്രകാരമുള്ള മറ്റു ബാധ്യതകൾ പ്രകാരമുള്ള തുകയും (₹ 20,16,840.00) അടക്കം ആകെ ബാധ്യത തുക ₹9,56,42,094.00ആണ്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള (ബി-17 ഷെഡ്യൂൾ) ആകെ തുക ₹ 4,58,83,495.00 ആണ്. അതായത്, ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ബാലൻസ് (-)4,97,58,599.00.

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 1-1-11 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജലനിധി, MGNREGA തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-1-12 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപെട്ട രജിസ്റ്ററുകളും പ്രതിമേസം പൊരുത്തപെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്താതെ ഓഡിറ്റ് ആവശ്യത്തിലേക്ക് മാത്രം തയ്യാറാക്കി വാർഷിക കണക്കുകളിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

## 1-1-13 കാരുണ്യ ലോൺ തിരിച്ചടവ് വാർഷിക കണക്കിൽ ഉൾപെടുത്തുന്നില്ല.

കാരുണ്യ ഭവന പദ്ധതിയുടെ കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ ബാധ്യത തുക രേഖപ്പെടുത്തിയതിലും ന്യൂനതയുണ്ട്. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം സമഗ്ര ഭവന പദ്ധതി ലോണിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹ 50,30,000.00 ആയിരുന്നു. ഈ വർഷവും അതേ തുക തന്നെയാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പ്രോജക്ട് നം.136/23 പ്രകാരം, ₹ 16,21,960.00 തൻവർഷം പ്രസ്തുത ലോണിന്റെ മുതലായി തിരിച്ചടവ് നടത്തിയിട്ടുണ്ട്. എന്നാൽ, മേൽ അടവാക്കിയ തുക ബാലൻസ് ഷീറ്റിലെ ബാധ്യതയിൽ നിന്നും കുറച്ചിട്ടില്ല. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/ലോൺ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ വിശദമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-14 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

ഗ്രാമ പഞ്ചായത്തിൽ 6 ഫിക്സഡ് ഡെപ്പോസിറ്റ് ആണുള്ളത്. 5 എണ്ണത്തിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, 09.02.2018 -ൽ കേരള ബാങ്ക് കോറോം ശാഖയിൽ നിക്ഷേപിച്ച FD No.13025180752001, തുക ₹ 7,14,176.00(ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2022-23 ലെ തുക). മേൽ FD യുടെ നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യാഗസ്ഥരുടെ യോഗം . 09.12.2022 ന് ചേർന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ 23.01.2023 നം സ്റ്റാൻഡിംഗ് കമ്മിറ്റികൾ 03.02.23 നം യോഗം ചേർന്നിട്ടുണ്ട്.ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് 8/02/2023 ന് കൈമാറിയിട്ടുണ്ട്.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് സംബന്ധിച്ച അന്തിമ പ്രൊപ്പോസൽ 24/02/23 ന് നൽകിയിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതിയുടെ 25/03/22 ലെ 4/1 തീരുമാനപ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 01(2) ലെ 22-03-2023തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

| വർഷം | 2022-23 | |
|---|---|---|
| 2022-23 | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 1612335 | 13056936 |
| വരവ് | 298512600 | 328752600 |
| ആകെ | 300124935 | 341809536 |
| ചെലവ് | 298160600 | 339136800 |
| നീക്കിയിരിപ്പ് | 1964335 | 2672736 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് / അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സ് തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 33067970 | 33067970 | 31428305 | 1639665 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1396074 | 1396074 | 1396074 | 0 |
| വികസന | 0 | 9492794 | 9492794 | 9150168 | 342626 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട്- ടി.എസ്.പി | | | | | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 142,20,000 | 142,20,000 | 13218962 | 1001038 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 7982000 | 7982000 | 6051442 | 1930558 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 11575157 | 11575157 | 7156626 | 4418531 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untide) | 0 | 5989765 | 5989765 | 5051495 | 938270 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32539319 |
| വരവ് | 107540560 |
| ആകെ | 140079879 |
| ചെലവ് | 94196384 |
| നീക്കിയിരിപ്പ് | 45883495 |

## 1-5 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 291 | 206886373 | 233 | 140958502 | ഇല്ല | 58 | 80.06 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 36 | 32 | 16762428 | 14897387 | 88.9 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 2652251 | 804668 | 30.3 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 162 | 116 | 57526538 | 38302249 | 66.6 |
| 4 | കൃഷി ഓഫീസർ | 16 | 15 | 5527884 | 4026928 | 72.8 |
| 5 | വി.ഇ.ഒ. | 13 | 12 | 92821892 | 57011553 | 61.4 |
| 6 | മെഡിക്കൽ ഓഫീസർ PHC | 10 | 10 | 4263758 | 3838648 | 90 |
| 7 | മെഡിക്കൽ ഓഫീസർ GAD | 5 | 5 | 1315000 | 1312890 | 99.8 |
| 8 | വെറ്ററിനറി സർജൻ | 19 | 18 | 5988680 | 4678204 | 78.1 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 9 | 10248850 | 8315792 | 81.1 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3479500 | 3029729 | 87.1 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 0 | 0 | 0 | 0 | 0 |
| 12 | ഹെഡ് മാസ്റ്റർ | 12 | 12 | 6299592 | 4740454 | 75.3 |
| | ആകെ | 291 | 233 | 206886373 | 140958502 | 68.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 64493 | 3816352 | 3880845 | 3846747 | 34098 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 57866229 | 57866229 | 57866229 | - |
| മെറ്റീരിയൽസ് ഘടകം | - | 43666340 | 43666340 | 43666340 | - |

വാർഷിക കണക്കിലെ ബാങ്ക് നീക്കിയിരിപ്പിൽ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.എന്നാൽ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരം ₹34098രൂപയുടെ നീക്കിയിരിപ്പുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് 34101 രൂപയാണ് . തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരം സാക്ഷ്യപ്പെടുത്തിയ വിവരമാണ് മേൽ പത്രികയിലെ നീക്കിയിരിപ്പ് തുകയായി കാണിച്ചിട്ടുള്ളത്.

## 1-7 തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 6109800 | 506 |
| വിധവാ പെൻഷൻ | 11603400 | 971 |
| വാർദ്ധക്യ കാല പെൻഷൻ | 16208600 | 1464 |
| ഭിന്നശേഷി പെൻഷൻ | 3562000 | 312 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 147200 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-12-2023 ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹47189 രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും പദ്ധതിനിർവ്വഹണപ്രവർത്തനങ്ങളും ഫലപ്രദമായി കൊണ്ടുപോകുവാൻ മികച്ച ഭരണപരമായ ആഭ്യന്തര നിയന്ത്രണസംവിധാനങ്ങൾ അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വയനാട് ജില്ലയിൽ 131.75 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്താണ് തൊണ്ടർനാട് ആകെ വാർഡുകൾ 15 , 2011 ലെ സെൻസസ് അനുസരിച്ച് 23142 ആണ് ആകെ ജനസംഖ്യ. ജനസംഖ്യയിൽ 466 പട്ടിക ജാതിവിഭാഗത്തിലും, 5147 പട്ടിക വർഗ്ഗ വിഭാഗത്തിലുമുള്ള ജനങ്ങൾ അധിവസിക്കുന്നു.

വയനാട് ജില്ലയിൽ തനത് വരുമാനം കുറഞ്ഞ പഞ്ചായത്തുകളുടെ വിഭാഗത്തിലാണ് തൊണ്ടർനാട്. അതുകൊണ്ട്തന്നെ സർക്കാർ ഗ്രാന്റുകളാണ് വികസന പ്രവർത്തനങ്ങൾക്ക് ആധാരം. ലഭ്യമായ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ട്. എന്നിരുന്നാലും വസ്തുനികുതി, തൊഴിൽനികുതി,ലൈസൻസ് ഫീസുകൾ പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. ലൈസൻസ് ഫീസ് സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ ചട്ടപ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവിഭാഗവും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പില്ല. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. വസ്തു നികുതി സംബന്ധിച്ച് പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തി അംഗീകരിച്ച് അനുവദിച്ച വിസ്തീർണ്ണത്തിൽ ഗ്രാമപഞ്ചായത്തിനെ അറിയിക്കാതെയുള്ള കൂട്ടിചേർക്കലുകൾ ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ കണ്ടെത്തി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത്

പരിധിയിലെ ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്

ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി ഓഫീസിൽ കൃത്യമായ ജോലി വിഭജനവും, സെക്ഷനുകളുടെ ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായുള്ള വാർഷിക കണക്കുമായി ബന്ധപ്പെട്ടുള്ള പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തിനാൽ നിലവിലുള്ള ലോൺ ബാദ്ധ്യത സംബന്ധിച്ച വാർഷിക കണക്കിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ കാര്യമായ യാതൊരു രേഖപ്പെടുത്തലുമില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 15 വിഷയമേഖലകളിലായി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പിലെ പൂർണ്ണമായ അംഗങ്ങൾ പങ്കെടുത്ത ഒരു യോഗം പോലും നടന്നിട്ടില്ല. 2022-23 വർഷം ശരാശരി 5 വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളാണ് നടന്നിട്ടുള്ളത്. പദ്ധതിനടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ് എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും അവരിൽ നിയമപരമായി അർപ്പിതമായ കടമകൾ കൃത്യമായി നിറവേറ്റണ്ടതും സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരങ്ങൾ ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നിയമപരമായ പിന്തുണയും നൽകേണ്ടതാണ്. ആകെയുള്ള 11 നിർവ്വഹണോദ്യോഗസ്ഥന്മാരിൽ മെഡിക്കൽ ഓഫീസർ ആരോഗ്യം, ആയുർവേദം, ഹെഡ്മാസ്റ്റർ, ഡയറിഫാം ഇൻസ്ട്രക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥന്മാർ അംഗീകരിച്ച പ്രോജക്ട് പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. ആകെ വകയിരുത്തിയ ₹20,68,86,373 രൂപയിൽ ₹14,09,58,502 രൂപ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥന്മാർ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ .7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തിവരുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനുശേഷം നീരിക്ഷണകാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ പ്രസ്തുത കരാറുകാരനെകൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ചചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/05/2022 | 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ | 25.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.07.2009 | 2004-05 മുതൽ 2008-09 വരെ | ലഭ്യമല്ല |

## 1-11 വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്വെയറും ഫയലുകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി . സ. ഉത്തരവ് (എം.എസ്) നം. 358/15, തിരുവനന്തപുരം, തീയതി, 16-12-2015 പ്രകാരം 660 സ്വയർഫീറ്റ് വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിരുന്നു.ഈ ആനുകൂല്യം ഒരാളുടെ പേരിലുള്ള ഏക വാസഹൃഹത്തിന് മാത്രമേ ലഭിക്കുകയുമുള്ളു. എന്നാൽ വാസഗൃഹം എന്ന

ഉപയോഗക്രമത്തിലുൾപ്പെടാത്ത കെട്ടിടങ്ങളെയും മേൽ ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ഉദാഹരണം ചുവടെ കൊടുക്കുന്നു.

എ).

| സി.നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | ഉപയോഗക്രമം | നികുതിയിളവിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് | നികുതിയിളവ് നൽകിയിട്ടുള്ള കാലയളവ് | വാർഷിക നികുതി | നികുതിയിനത്തിലുള്ള നഷ്ടം (2022-23 സാമ്പത്തിക വർഷം വരെ)(രൂപ) |
|---|---|---|---|---|---|---|---|
| 1 | 4/211 | പുഷ്പ പ്രകാശൻ ചാരുകുഴിയിൽ | അസംബ്ലി കെട്ടിടം , കൺവെൻഷൻ സെന്റർ ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്,സിനിമ തിയേറ്റർ | സർക്കാർ ഉത്തരവ് 2022-23 ( എം എസ് നം 358/15 തീയതി 16-12-2015. | 2022-23 ആദ്യ അർദ്ധ വർഷം മുതൽ നിലവിലും നികുതിയിളവ് തുടരുന്നു. | 640 | 640 |
| 2 | 4/457 | അബ്രഹാം , പാലമല , മക്കിയാട് , 670731 | അസംബ്ലി കെട്ടിടം , കൺവെൻഷൻ സെന്റർ ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്,സിനിമ തിയേറ്റർ | സർക്കാർ ഉത്തരവ് 2022-23 ( എം എസ് നം 358/15, തീയതി 16-12-2015 | 2020-21 ആദ്യ അർദ്ധ വർഷം മുതൽ നിലവിലും നികുതിയിളവ് തുടരുന്നു.) (മുന്നുവർഷം) | 583 | 1749 |
| ആകെ | | | | | | | 2389 |

ഇപ്രകാരം നികുതി നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14/2022-23 / 11/12/2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മേൽ കെട്ടിടങ്ങൾക്ക് അനർഹമായി നികുതിയിളവ് നൽകിയത് വഴി ഉണ്ടായ ധന നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

**ബി)** കെട്ടിടത്തിന്റെ മേഖലകൾ രേഖപ്പെടുത്തിയതിൽ അപാകതകൾ സംഭവിക്കുന്നുണ്ട് .2013 ലെ നികുതി നിർണയം അന്തിമ വിജ്ഞാപന പ്രകാരം കോറോം അങ്ങാടി ഉൾപ്പെടുന്ന പക്രംതളം - മാനന്തവാടി റോഡിന്റെ ഇരുവശവും 200 മീറ്റർ വരെയുൾപ്പെടുന്ന മേഖലകൾ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതാണ്.എന്നാൽ ഇതിന് വിപരീതമായി പക്രംതളം - മാനന്തവാടി റോഡില് 12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഇൻസ്പെക്ടർ ഓഫ് പോലീസ് (മാനന്തവാടി പോലീസ് സ്റ്റേഷന്) എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/209 എ കെട്ടിടം, പാത്തു അത്തിലൻ മുതൽപേർ എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/559 ബി കെട്ടിടം, കുനിങ്ങാരത്ത് അബ്ദുള്ള എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/378 എ നമ്പർ

കെട്ടിടം എന്നിവ ദ്വിതീയ മേഖലയിലാണെന്നാണ് രേഖപ്പെടുത്തിയത് ഇപ്രകാരം കെട്ടിടങ്ങളുടെ മേഖലയിൽ മാറ്റം വരുത്തി നികുതി നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14/2022-23 / 11/12/2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 2023 ഏപ്രിൽ 1 മുതലുള്ള നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് അസസ്മെന്റ് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നുണ്ടെന്നും ആയത് പൂർത്തികരിക്കുന്ന വേളയിൽ മേഖലകൾ കൃത്യമാക്കി നികുതിയിനത്തിൽ ധനനഷ്ടമുണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പരിഷ്കരണം അപാകതകൾ ആവർത്തിക്കാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല.

02.10.17 ലെ G.O(MS)3186/2017LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നു.കൂടാതെ സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.19 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു. തൻവർഷം എത്ര പ്രവൃത്തികളാണ് E-Tender മുഖേന നടപ്പാക്കിയതെന്നും എത്ര തുക ഈയിനത്തിൽ ഈടാക്കിയെന്നുമുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 10/22-23തീയതി 07.11.23 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ 28 പ്രവൃത്തികളാണ് ഇ-ടെണ്ടർ മുഖേന നടപ്പാക്കിയതെന്നും 74766 രൂപയാണ് ഈയിനത്തിൽ വരവ് വരേണ്ടതെന്നും അറിയിച്ചു.ഇ -ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കോവിഡ് പ്രതിരോധം അക്കൗണ്ട് നീക്കയിരിപ്പ് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ കേവിഡ് പ്രവർത്തനത്തിന്റെ ഭാഗമായി 10-8-2020 തീയതിയിൽ വയനാട് ജില്ലാ സഹകരണബാങ്കിന്റെ കോറോം ശാഖയിൽ ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നു. (അക്കൗണ്ട് നം. 130251201020316 FDRL OWDCB01) ഈ അക്കൗണ്ടിൽ 30-9-2022 തീയതിയിൽ ₹4,47,243 രൂപ നീക്കിയിരിപ്പുണ്ട്. കോവിഡ് പ്രവർത്തനങ്ങൾക്ക് സർക്കാറിൽ നിന്നും ലഭിച്ചതും. പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചതുമായി തുകകൾ ഇതിൽ ഉൾപ്പെടുന്നതായി ബാങ്ക് പാസ് ബുക്ക് പ്രകാരം കാണുന്നു. ഈ തുക യാതൊരു പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താതിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചതായി ഓഡിറ്റിൽ അറിയിക്കുകയുണ്ടായി എന്നാൽ യാതൊരു പ്രവർത്തനങ്ങളും ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല. ആയതിനാൽ ഈ വിധം കോവിഡ് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി അക്കൗണ്ടിലേക്ക് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിച്ച് ദുരിതാശ്വസ നിധിയിൽ നിന്നു അർഹരായവർക്ക് ധനസാഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്. അതേപോലെ കോവിഡ് പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള വിവിധ സാധനങ്ങൾ ഉപയോഗിക്കാതെ അവശേഷിക്കുന്നതായും ആയത് നശിച്ചുപോകാൻ സാദ്ധ്യതയുള്ളതായും ഓഡിറ്റിൽ അറിയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഭരണസമിതി ചർച്ചചെയ്യേണ്ടതും ലഭ്യമായ സാധനസാമഗ്രികൾ നശിച്ചുപോവാനിടയാക്കാതെ സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന് ആയത് പ്രയോജനപ്പെടുത്തുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 അഡായി ശുദ്ധജലപദ്ധതി- തുടർനടത്തിപ്പ് കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. യൂസർഫി പിരിച്ചെടുക്കുന്നതും,ചെലവഴിക്കുന്നതും സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നംബർ- 22200120 Dt 11-05-2022 തുക- ₹ 3,25,000

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ജലനിധിയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അഡായി ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കിവരുന്നുണ്ട്, ഈ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും 478 ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭിച്ചുവരുന്നതായി കാണുന്നു. 28-3-2022 ന് ഉണ്ടായ ഇടിമിന്നലിൽ ഈ കുടിവെള്ള പദ്ധതിയുടെ 30 HP മോട്ടോർ പ്രവർത്തന രഹിതമാവുകയുണ്ടായി. ഈ മോട്ടോറിന്റെ റിപ്പയറിനും, അഡായി ചെക്ക് ഡാമിന് ഷട്ടർ നിർമ്മിച്ചതിനും, ചെലവായ തുക ലഭ്യമാക്കുന്നതിന് അഡായി കടിവെള്ള ശുദ്ധജല വിതരണ സമിതി പ്രസിഡന്റ് 30-3-2022 തീയതിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകിയിരുന്നു. ജലനിധി പദ്ധതിയുടെ ഗ്രാമപഞ്ചായത്തിലെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള പലിശ തുക കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പിന്റെ ആവശ്യത്തിലേക്ക് വിനിയോഗിക്കാൻ ഭരണസമിതിക്ക് ഉചിത തീരുമാനമെടുക്കാമെന്ന് ജലനിധി പ്രോജക്ട് ഡയറക്ടർ 20-4-2022 തീയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. ഇതിനെ തുടർന്ന് 30HP യുടെയും, 15 HP യുടെയും ഓരോ

മോട്ടോർ വാങ്ങിക്കുന്നതിനായി അഡായി ശുദ്ധജല വിതരണ പദ്ധതിയുടെ SLEC യുടെ കേരള ഗ്രാമീൺ ബാങ്ക് മക്കിയാട് ശാഖയിലുള്ള 40656101015382 അക്കൗണ്ടിലേക്ക് വൗച്ചർ നംബർ 22200120 Dt 11-05-2022 പ്രകാരം ₹ 3,25,000 രൂപ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ക്വട്ടേഷൻ മുഖാന്തിരം മോട്ടോറുകൾ വാങ്ങിസ്ഥാപിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ജലനിധിയുടെ അഡായി കുടിവെള്ള പദ്ധതിയിൽ ഗുണഭോക്താക്കളായ കുടുംബങ്ങളിൽ നിന്നും യൂസർ ഫി ഇനത്തിൽ തുക പിരിച്ചെടുക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിൽ ലഭിക്കുന്ന തുക അഡായി ശുദ്ധജല വിതരണ സമിതിയാണ് പിരിച്ചെടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകയുടെ വിനിയോഗം ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിക്കുന്നതായി കാണുന്നില്ല. കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനാണ് ഈ വിധം യൂസർ ഫി പിരിച്ചെടുക്കുന്നത്. തുടർ നടത്തിപ്പിന് തുക തികയാത്ത സാഹചര്യത്തിൽ മാത്രമാണ് അഡീഷണൽ ഫണ്ട് അനുവദിക്കേണ്ടതായിട്ടുള്ളത്. ആയതിനാൽ ഓരോ സാമ്പത്തിക വർഷത്തെയും യൂസർ ഫി ഇനത്തിലെ വരവ് ചെലവുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത കുടിവെള്ള പദ്ധതിയിലെ മോട്ടോറുകൾ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ ഇൻഷ്വർ ചെയ്യുന്നത് ഉചിതമായിരിക്കും. തകരാർ സംഭവിച്ച 30 HP, മോട്ടോർ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ യോഗ്യമാവുമോ എന്നത് സംബന്ധിച്ച് മെക്കാനിക്കൽ വിഭാഗത്തിന്റെ പരിശോധന നടത്തേണ്ടതും, പ്രവർത്തനക്ഷമമാക്കാൻ സാദ്ധ്യമാവാത്ത പക്ഷം സ്ക്രാപ്പിനത്തിൽ ഉൾപ്പെടുത്തി ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും വിശദമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 3 /2022- 2023 തീയതി :6/12/2023) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2018 ൽ സ്ഥാപിച്ച മോട്ടോറാണ് തകരാറായ 30HP മോട്ടോർഎന്നറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫി നടത്തിപ്പ് ചെലവിന് തികയാത്ത സാഹചര്യത്തിലാണ് ഈ വിധം ഗ്രാമപഞ്ചായത്തിന്റെ ജലനിധി പലിശ ഫണ്ട് ഉപയോഗപ്പെടുത്തി മോട്ടോർ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സഹായകമായ വിധത്തിൽ ഫണ്ട് ലഭിക്കുന്ന വിധത്തിൽ യൂസർഫി സംബന്ധിച്ച വിഷയം ചർച്ചചെയ്ത് പരിഹാരം കണ്ടെത്തുന്നത് ഉചിതമായിരിക്കും.

## 1-15 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ടും തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### 1.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസം യോഗം ചേരുകയും നികതിപിരിവ് പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് വിഷയങ്ങളിൽ സുപ്രധാനമായ പങ്ക് വഹിക്കേണ്ടുന്ന ഭരണ തലമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി. സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി സ്ഥാപനത്തിന്റെ സാമ്പത്തിക വിശകലനം നടത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാറുകളും നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായി മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ വസ്തുനികുതി പിരിവിന്റെ പുരോഗതി വിവിധ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ അവലോകനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല.യോഗങ്ങളിൽ 100 % നികുതി പിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് തീരുമാനമെടുത്തിട്ടുണ്ട്.വസ്തുനികുതി 94% മാത്രമാണ് പിരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാനമാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയോ,നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. നികുതി/നികുതിയേതരവരവുകളുടെ അവലോകനം ഗ്രാമസഭകളിലും വാർഡ് കമ്മിറ്റിയിലും ഭരണസമിതിയോഗങ്ങളിലും നടത്തിയിട്ടില്ല.സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം

നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിലും ഭരണസമിതിയിലും വാർഡ് കമ്മിറ്റിയിലും നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**2.ബജറ്റ്**

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 19.03.22 തീയതിയിൽ 3/2(1)/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 50,00,000 | 4447967 | 552033 |
| Profession Tax | 20,00,000 | 1265320 | 734680 |
| Rental Income | 2,70,000 | 102750 | 167250 |
| Licence Fees | 6,00,000 | 343350 | 256650 |
| Permit Fee For Construction Of Building | 7,00,000 | 458587 | 241413 |
| Total Income | 2,03,22,665 | 39,83,233 | 16339432 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്ന നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

**3.വസ്തു നികുതി**

സ.ഉ (കൈ) നം. 77/2023എൽ. എസ്. ജി. ഡി. തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5%

വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 04.05.2023 ലെ 10/2ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ഇതു സംബന്ധിച്ച അറിയിപ്പ് 23.05.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

3.സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് പഴയനിരക്കിൽ നികുതി നിശ്ചയിച്ചിരുന്നില്ല.നിലവിൽ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവപ്രകാരവും ആക്ഷേപങ്ങൾ ക്ഷണിച്ചിട്ടും ലഭിക്കാത്തതിനാലും 15.06.2023 ലെ ഭരണസമിതിയോഗത്തിൽ അന്തിമനിരക്ക് അംഗീകരിച്ചിട്ടുണ്ട്.

5..കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. നിലവിൽ ഈ യോഗ്യതയുള്ളവരുമായി അഭിമുഖം നടത്തി 7 ഉദ്യോഗാർഥികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഒരാൾ മാത്രമാണ് പ്രവർത്തി ചെയ്യുന്നതിന് തയ്യാറായി വന്നിട്ടുള്ളു.

സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാലും പ്രവൃത്തിക്ക് ആളുകളെ ലഭിക്കാത്തതിനാലും തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

6. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. 15.08.23 നാണ് പരസ്യപ്പെടുത്തിയത്.ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

7.നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് പരിശോധന നടത്തി നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 131.15 ച.കി.മീ വിസ്തൃതിയുള്ള പഞ്ചായത്തിൽ 15 വാർഡുകളിലായി 10596കെട്ടിടങ്ങൾ ആണ് പഞ്ചായത്തിൽ ഉള്ളത്.3 ക്ലാർക്കുമാരും 3 സീനിയർ ക്ലാർക്കുമാരുമാണ് പഞ്ചായത്തിൽ ഉള്ളത്.കനത്ത ജോലിഭാരവും ദൂരക്കൂടുതലും ഉള്ളതിനാൽ തന്നെ ഓരോ കെട്ടിടങ്ങളുടെയും നിയമലംഘനം കണ്ടെത്തി നികുതി നിർണ്ണയിക്കുന്നത് പ്രായോഗികം അല്ല.എന്നിരുന്നാലും ഈ വിഷയത്തിൽ നടപടി സ്വീകരിക്കാത്തത് പഞ്ചായത്തിന്റെ തനതുവരുമാനത്തെ ബാധിക്കുന്നു.ഗ്രാമപഞ്ചായത്തിൽ 84 റിസോർട്ടുകൾ ഉണ്ട്. അതുകൊണ്ട് തന്നെ വസ്തുനികുതിയിനത്തിൽ നികുതിചോർച്ച ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.ഈ വിഷയത്തിൽ തടർനടപടി സ്വീകരിക്കേണ്ടതുണ്ട്.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4.അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220 (ബി) വകുപ്പ്, 2019 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ, തീരദേശ സംരക്ഷണ നിയമം, മറ്റ് നിയമങ്ങൾ എന്നിവ ലംഘിച്ച് കൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമകൾ നൽകിയ 31 അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. . 19 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി ഈടാക്കിയിട്ടുണ്ട്. മറ്റ് അനധികൃത കെട്ടിടങ്ങളും, നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തി യു.എ നമ്പർ നൽകി നിയമ പ്രകാരം ഈടാക്കേണ്ട വസ്തു നികുതിയും അതോടൊപ്പം

അതിൻറെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയിനത്തിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വാർഡ് തലത്തിൽ പരിശോധന നടത്തുകയും *ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.*

**5.സേവന ഉപനികുതി ചുമത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിവയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**6.തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ് ) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണ്. എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

**7.വിനോദനികുതി**

ധാരാളം ടൂറിസ്റ്റ് സ്ഥലങ്ങൾ ഉള്ള ഗ്രാമപഞ്ചായത്തിൽ വിനോദനികുതി ഈടാക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ 84 റിസോർട്ടുകൾ ഉണ്ട്.ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ടൂറിസം മേഖലയിൽ നിന്നും വിനോദനികുതി ഈടാക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

**8.നികുതിയേതരവരവുകൾ**

**(1)ലൈസൻസ് ഫീസ്-വ്യാപാരസ്ഥാപനങ്ങൾ പൂർണ്ണമായും ലൈസൻസ് എടുത്തുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർപ്രകാരം 1930 **(1)**വാണിജ്യകെട്ടിടങ്ങൾക്ക് ആണ് പഞ്ചായത്ത് 2022-23 വരെ നമ്പർ നൽകിയിരിക്കുന്നത്.തൻവർഷം 47 കെട്ടിടങ്ങൾക്ക് Vacancy Remission നൽകിയിട്ടുണ്ട്.2022-23വർഷം 450 വ്യാപാരസ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിക്കുന്നുവെന്നും ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട തുക പൂർണമായും ലഭ്യമാകുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**(2)വാടക**

പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്ക് പ്രകാരം വാടക ഇനത്തിൽ 102750 രൂപ ലഭിച്ചിട്ടുണ്ട് നിലവിൽ ലഭിക്കുന്ന വാടകയിൽ 5% തൊട്ടടുത്ത വർഷം വർദ്ധന വരുത്തുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുമാണ് വാടകയിനത്തിൽ തുക ലഭിക്കുന്നത്. 3 റൂമുകൾ വാടകക്ക് പോകാതെ അവശേഷിക്കുന്നുമുണ്ട്.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് റൂമുകളിൽ രണ്ട് റൂമുകൾ നിലവിൽ വാടകക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല.എല്ലാ റൂമുകളും വാടകക്ക് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**(3)പഞ്ചായത്ത് ലൈബ്രറി**

നിലവിൽ ഗ്രാമ പഞ്ചായത്തിൽ ലൈബ്രറി ഉണ്ടെങ്കിലും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ലൈബ്രറിയുടെ പ്രവർത്തനം നടപ്പിലാക്കിയിട്ടില്ല. ലൈബ്രേറിയൻ തസ്തികയിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആണുള്ളത്. ലൈബ്രറി ഫീസ് ഇനത്തിൽ തൻവർഷം വരവില്ല. ലൈബ്രറി സൗകര്യം നാട്ടുകാർക്ക് ഉപകാരപ്രദമാവുന്ന തരത്തിൽ ക്രമീകരിക്കേണ്ടതും, രജിസ്ട്രേഷൻ, വാർഷിക ഫീസ് എന്നിവയിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുന്നതിനും ലൈബ്രറി ഉപയോക്താക്കൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

**(4)രജിസ്ട്രേഷൻ ഫീസ്**

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ വരവില്ല.ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 200/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുവുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ തന്നെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

3.പബ്ലിക് കംഫർട്ട് സ്റ്റേഷൻ& ബസ് സ്റ്റാന്റ് എന്നിവയിൽ നിന്നുള്ള വരുമാനം

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റിൽ നിന്നുള്ള പിരിവ് എന്നിവയിൽ നിന്നും വരവ് രേഖപ്പെടുത്തിയിട്ടില്ല.ധാരാളം ടൂറിസ്റ്റ് കേന്ദ്രങ്ങളുള്ള വയനാട് ജില്ലയുടെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് ബസ്റ്റാൻഡിൽ ധാരാളം യാത്രക്കാർ വന്നിറങ്ങുന്നതാകയാൽ മെച്ചപ്പെട്ട 'TAKE A BREAK" സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും.

നികുതിദായകർക്ക് നികുതി അടക്കാൻ മൊബൈൽ ആപ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയും പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം ലഘൂകരിച്ചുകൊണ്ട് കൂടുതൽ വരുമാനം നേടാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- രേഖകൾ പരിശോധിക്കാതെ പ്രവൃത്തികൾക്ക് തുക അനുവദിച്ചു

| | |
|---|---|
| 1 .പ്രോജക്റ്റ് നം | SO 20/23 |
| പ്രോജക്റ്റിന്റെ പേര് | വഞ്ഞോട് നീലോം എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 350000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| വൗച്ചർ നം | XVFC/22-23/P/96 തീയതി 31/03/2023 തുക 349956/- |
| 2.പ്രോജക്റ്റ് നം | SO 21/23 |
| പ്രോജക്റ്റിന്റെ പേര് | നിരവിൽപുഴ പള്ളി മുൻവശവും സ്റ്റേഡിയം ഗ്രൗണ്ട് എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 350000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| വൗച്ചർ നം | XVFC/22-23/P/97 തീയതി 31/03/2023 തുക 349956/- |
| 3.പ്രോജക്റ്റ് നം | SO280/23 |
| പ്രോജക്റ്റിന്റെ പേര് | ലോമാസ്റ്റ് ലൈറ്റ് നിരവിൽപുഴ റേഷൻ കടയുടെ മുന്നിലും മൈലാടുംകുന്ന് കുട്ടപ്പാറ ബസ് വെയിറ്റിംഗ് ഷെഡ് മുൻവശവും |
| അടങ്കൽ | 350000 (പൊതുവിഭാഗം ) |
| ബിൽ നം | 24/22-23 തീയതി 29/03/2023 തുക 349956/- |
| 4.പ്രോജക്റ്റ് നം | SO - 287/23 |
| പ്രോജക്റ്റിന്റെ പേര് | പുതുശ്ശേരി ആയുർവേദ ആശുപത്രിക്ക് സമീപം ലോമാസ്റ്റ് ലൈറ്റ് |
| അടങ്കൽ | 200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം | 26/22-23 തീയതി 29/03/2023 തുക 194911 |
| 5.പ്രോജക്റ്റ് നം - | SO 289/23 |
| പ്രോജക്റ്റിന്റെ പേര് | പാലേരി ജംഗ്ഷനിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 200000-(വികസന ഫണ്ട് പൊതുവിഭാഗം )- |
| ബിൽ നം | 25/22-23 തീയതി 29/03/2023 തുക 194911 |
| 6.പ്രോജക്റ്റ് നം | SO - 69/23 |
| പ്രോജക്റ്റിന്റെ പേര് | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) |
| അടങ്കൽ | 185000 (വികസന ഫണ്ട് - ടി.എസ്.പി -) |
| ബിൽ നം | 3/22-23 തീയതി 9/06/2023 തുക 8590/- |
| ബിൽ നം | 6/22-23 തീയതി 28/06/2023 തുക 173103/ |
| 7..പ്രോജക്റ്റ് നം | SO377/23 |
| പ്രോജക്റ്റിന്റെ പേര് | കോറോം സ്കൂളിന് സമീപവും കാനറ ബാങ്കിന് സമീപവും ലോമാസറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 350000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| വൗച്ചർ നം | XVFC/22-23/P/950 തീയതി 31/03/2023 തുക 349956/ |
| ആകെ ചെലവഴിച്ച തുക | 1971339 |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ക്രമ നം.1 മുതൽ 5 വരെയുള്ള പ്രോജക്റ്റുകൾ നിർവ്വഹണം നടത്തുന്നതിനായി 26 /12/2022 തീയതിയിൽ എസ്.സി.2-20/22-23 നമ്പർ ആയി ടെണ്ടർക്ഷണിക്കുകയുണ്ടായി .ജി.ഒ.(പി) 67/2021 തീയതി 28/04/2021 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പി.എം.സി ചാർജ്ജിന് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചത്. ഇതനുസരിച്ച് താഴെപറയും പ്രകാരം 3 ടെണ്ടറുകളാണ് ലഭിച്ചത്.

| ക്രമ | സ്ഥാപനം | വാഗ്ദാനം ചെയ്ത | സെന്റേജ് |
|---|---|---|---|

| നം | | ചാർജ്ജ് |
|---|---|---|
| 1 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 5.44% |
| 2 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. | 2.5% +18 ജി.എസ്.റ്റി18% |
| 3 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് | 3% |

ഈ ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ). എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ നൽകുന്നതിനും കരാറുകാരെ നിശ്ചയിക്കുന്നതിനുമായി 28-1-2023 തീയതിയിൽ എസ്.സി.2-20/22-23 നമ്പർ കത്ത് മുഖേന കെൽ മാനേജർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് അയക്കുകയുണ്ടായി. ഈ പ്രവൃത്തിയുടെ കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടണമെന്നും പ്രസ്തുത കത്തിൽ വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് 02-03-2023 തീയതിയിലെ എസ്.സി.2-20/22-23 ഉത്തരവ് മുഖേന ക്രമ നമ്പർ 1,2,3,4,5,7 നമ്പർ പ്രോജക്ടുകൾ പ്രകാരമുള്ള ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി വർക്ക് ഓർഡർ നൽകുകയുണ്ടായി. ലോമാസ്റ്റ് ലൈറ്റ് പ്രവൃത്തികൾക്കായി ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം താഴെപ്പറയുന്ന പ്രകാരമാണ്.

| | പ്രോജക്ട് നം | പേര് | തുക നൽകിയത് | എസ്റ്റിമേറ്റ് വിവരം | ഇൻവോയ്സ് നം.തീയതി | ഇൻവോയ്സ് | എഗ്രിമെന്റ് നമ്പർ |
|---|---|---|---|---|---|---|---|
| 1 | 20/23 | വഞ്ചോട് നീലോം എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 349956 | Estimate – 269339.5 LS<br>KSEB Charge -12000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 8000<br>സെന്റേജ് - 7233.5<br>ജി.എസ്റ്റ്.റ്റി – 53383<br>ആകെ -349956 | KEL/PFRMA/90 Dt.24.03.2023 | Cost Of Light – 296572.88<br>GST – 53383.12 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 2 | 21/23 | നിരവിൽപ്പുഴ പള്ളി മുൻവശവും സ്റ്റേഡിയം ഗ്രൗണ്ട് എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 349956 | Estimate – 269339.5 LS<br>KSEB Charge -12000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 8000<br>സെന്റേജ് - 7233.5<br>ജി.എസ്റ്റ്.റ്റി – 53383<br>ആകെ -349956 | KEL/PFRMA/91 Dt.24.03.2023 | Cost Of Light – 296572.88<br>GST – 53383.12 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 3 | 69/23 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) | 181693 | Estimate - 127200<br>നികുതികളും മറ്റ് ചെലവുകളും - 45903<br>8590<br>കെ.എസ്.ഇ.ബിക്ക് | KEL/PFRMA/58 Dt.25.03.2022 | Cost Of Light – 146697.46<br>GST – 26405.54 | നമ്പർ ഇല്ല. തീയതി 11/02/2022 വാറണ്ടി കാലാവധി 3 വർഷം |

| | | | | | | |
|---|---|---|---|---|---|---|
| | | | നേരിട്ട് നൽകിയത്<br>ആകെ- 181693 | | | |
| 4 | 280/23 | ലോമാസ്റ്റ് ലൈറ്റ് നിരവിൽപുഴ റേഷൻ കടയുടെ മുന്നിലും മൈലാട്ടുംകുന്ന് ക്ലട്ടപ്പാറ ബസ് വെയിറ്റിംഗ് ഷെഡ് മുൻവശവും | 349956 | Estimate – 269339.5<br>LS<br>KSEB Charge -12000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 8000<br>സെന്റേജ് - 7233.5<br>ജി.എസ്റ്റ്.റ്റി - 53383<br>ആകെ -349956 | KEL/PFRMA/92 Dt.24.03.2023 | Cost Of Light – 296572.88<br>GST – 53383.12 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 5 | 287/23 | പുതുശ്ശേരി ആയുർവേദ ആശുപത്രിക്ക് സമീപം ലോമാസറ്റ് ലൈറ്റ് | 194911 | Estimate – 143150.25<br>LS<br>KSEB Charge -10000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 3000<br>എ.സി.പി ഷീറ്റ് - 5000<br>സെന്റേജ് - 4028.75<br>ജി.എസ്റ്റ്.റ്റി - 29732<br>ആകെ - 194911 | KEL/PFRMA/93 Dt.24.03.2023 | Cost Of Light – 165178.81<br>GST – 29732.19 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 6 | 289/23 | പാലേരി ജംഗ്ഷനിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 194911 | Estimate – 143150.25<br>LS<br>KSEB Charge -10000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 3000<br>എ.സി.പി ഷീറ്റ് - 5000<br>സെന്റേജ് - 4028.75<br>ജി.എസ്റ്റ്.റ്റി - 29732<br>ആകെ - 194911 | KEL/PFRMA/94 Dt.24.03.2023 | Cost Of Light – 165178.81<br>GST – 29732.19 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 7 | 377/23 | കോറോം സ്കൂളിന് സമീപവും | 349956 | Estimate – 269339.5 | KEL/PFRMA/95 Dt.24.03.2023 | Cost Of Light – | നമ്പർ ഇല്ല. തീയതി 10/03/2022 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കാനറ ബാങ്കിന് സമീപവും ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | LS<br>KSEB Charge -12000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 8000<br>സെന്റേജ് - 7233.5<br>ജി.എസ്റ്റ്.റ്റി – 53383<br>ആകെ -349956 | | 296572.88<br>GST – 53383.12 | വാറണ്ടി കാലാവധി 2 വർഷം |

മേൽ പ്രോജക്ടുകൾ നിർവഹണം സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രോജക്ട് നിർവഹണത്തിലും ആസൂത്രണത്തിലും പിഴവുകൾ വന്നതായികാണുന്നു.

**1.ഓരേ ഇനങ്ങൾക്ക് വ്യത്യസ്ഥ നിരക്ക് നൽകി.**

ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ഒരേ സ്പെസിഫിക്കേഷൻ ഉള്ള ഇനങ്ങൾക്ക് തന്നെ വ്യത്യസ്ത നിരക്കാണ് നൽകിയിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് നമ്പർ /ഇനം | അനുവദിച്ച തുക | എസ്റ്റിമേറ്റ് നമ്പർ /ഇനം | അനുവദിച്ച തുക |
|---|---|---|---|---|---|---|
| 3 | 280/23 | ലോമാസ്റ്റ് ലൈറ്റ് നിരവിൽപുഴ റേഷൻ കടയുടെ മുന്നിലും മൈലാട്ടുംകുന്ന് കുട്ടപ്പാറ ബസ് വെയിറ്റിംഗ് ഷെഡ് മുൻവശവും | Od346156/2022-2033<br>Supply And Fixing HRC Fuse Base Of 20/32A Using Suitable Nut And Bold , 32A 2-way Neautral Links Mound On DMC/SMC Base And 2.5sq.mm ISI Marked FRLS PVC Insulated Single Core Copper Conductor Cable | 1336.1 | Od346157/2022-2023<br>Supply And Fixing Of 25A2pole AC 1 Raded Power Contacor , Digital Timed, Suitable Copper Socket, 2.5 Aq.mm ISI Markded FRLS PVC Insulated Single Core Copper Conductor Cable , 1.5 Sq.mm ISI Marked FRLS PVC Insulated Single Core Copper Conductor Cable.OBO Bettermann Makes V25-B+C/1+NPE(switching /lightning Protection) For Single-phase Protection | 14749.78 |
| 4 | 287/23 | പുതുശ്ശേരി ആയുർവേദ ആശുപത്രിക്ക് സമീപം ലോമാസ്റ്റ് ലൈറ്റ് | Od34617/2022-2023<br>Supply And Fixing HRC Fuse Base Of 20/32A Using Suitable Nut And Bold , 32A 2-way Neautral Links Mound On DMC/SMC Base And 2.5sq.mm ISI Marked FRLS PVC Insulated Single Core | 1325.19 | Od346216/2022-2023<br>Supply And Fixing Of 25A2pole AC 1 Raded Power Contacor , Digital Timed, Suitable Copper Socket, 2.5 Aq.mm ISI Markded FRLS PVC Insulated Single Core Copper Conductor Cable , 1.5 | 15311.32 |

| | | | | | | |
|---|---|---|---|---|---|---|
| | | | Copper Conductor Cable | | Sq.mm ISI Marked FRLS PVC Insulated Single Core Copper Conductor Cable.OBO Bettermann Makes V25-B+C/1+NPE(switching /lightning Protection) For Single-phase Protection | |
| | | വ്യത്യാസം | | 10.91 | | 561.54 |

എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിച്ച ഒബ്സർവ്ഡ് ഡാറ്റ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. എല്ലാ പ്രോജക്ടുകളിലും ഇത്തരത്തിൽ വ്യത്യാസം ഉള്ളതായി കാണുന്നു. ഒരേ തരം പ്രവൃത്തിക്ക് തന്നെയാണ് ഈവിധം വ്യത്യസ്ത നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയതെങ്കിൽ ആയത് പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

**<u>2.സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചില്ല.</u>**

ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള പി.എം.സി ഏജൻസി ആയിട്ടാണ് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലി.(KEL) അക്രഡിറ്റേഷൻ നേടിയിരിക്കുന്നത്. സ.ഉ.(പി)ന.67/2021/ഫിൻ തീയതി 28-04-2021 പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട ഏജൻസി പ്രവൃത്തിക്കായി സുതാര്യമായ രീതിയിൽ ടെണ്ടർ ക്ഷണിക്കേണ്ടതും, കരാറുകാരൻ, പി.എം.സി, ഗ്രാമപഞ്ചായത്ത് എന്നിവയുമായി ത്രികക്ഷി കരാറിൽ ഏർപ്പെടുകയും ചെയ്യേണ്ടതായിരുന്നു. പി.എം.സി യുടെ നിർദ്ദേശപ്രകാരം മാത്രമാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. എന്നാൽ എല്ലാ പ്രോജക്ടുകളുടെയും തുക അനുവദിച്ചത് പി.എം.സി ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്. ഈ പദ്ധതി നിർവ്വഹണത്തിനായി പി.എം.സി ഏജൻസി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളില്ല.ഇത്തരത്തിൽ ഒരു കരാറുകാരനുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

**3. <u>എല്ലാപ്രവൃത്തികൾക്കും സർക്കാർ നിർദ്ദേശ പ്രകാരമുള്ള വാറണ്ടി നൽകിയില്ല.</u>**

സ.ഉ (പി) നം.67/2021/ഫിൻ തീയതി 28-04-2021 പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 36 മാസത്തെ വാറണ്ടി നൽകേണ്ടതാണ്. മേൽ പ്രോജക്ടുകൾ പ്രകാരം KEL മായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 24 മാസത്തെ വാറണ്ടി നൽകിയാണ്. അതേസമയം, പ്രോജക്ട് നം.69/23 എടമുണ്ട എഫ് ആർ സി യിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് 36 മാസത്തെ വാറണ്ടി വാഗ്ദാനം ചെയ്തിട്ടുണ്ട്. മറ്റ് പ്രോജക്ടുകൾ പ്രകാരമുള്ള ലോമാസ്റ്റ് ലൈറ്റുകൾക്ക് 24 മാസത്തെ വാറണ്ടിയിൽ പരിമിതപ്പെടുത്തിയത് പുനപരിശോധിക്കേണ്ടതും സർക്കാർ നിർദ്ദേശ പ്രകാരമുള്ള വാറണ്ടി ലഭ്യമാക്കേണ്ടതുമാണ്.

**<u>4.മെഷർമെന്റ് ബുക്ക്, ബിൽ എന്നിവ ഹാജരാക്കാതെ തുക അനുവദിച്ചു.</u>**

മേൽ പ്രോജക്ട് പ്രകാരം സ്ഥാപിച്ച ലോ മാസ്റ്റ് ലൈറ്റുകളിൽ പ്രോജക്ട് നം.69/23 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) പ്രവൃത്തിയിൽ കെ.എസ്.ഇ.ബി.യിൽ ഒടുക്കേണ്ട തുക ഗ്രാമ പഞ്ചായത്ത് നേരിട്ട് കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള പ്രോജക്ടുകളിൽ കെ.എസ്.ഇ.ബിയിലേക്ക് ഒടുക്കേണ്ട തുക, ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക, പി.എം.സിക്ക് നൽകാനുള്ള സെന്റേജ് എന്നിവയ്ക്കുള്ള തുക പ്രത്യേകമായി ലംപ്സം ആയി ഉൾപ്പെടുത്തുകയും പ്രസ്തുത തുക ഉൾപ്പടെ കണക്കാക്കിയ ആകെ എസ്റ്റിമേറ്റ് തുക പൂർണ്ണമായും കെല്ലിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കിയ തുകയ്ക്ക് തുല്യമായ ഇൻവോയ്സ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുകയും ആയത് പ്രകാരം പി.എം.സി ആയി പ്രവൃത്തിക്കുന്ന ഏജൻസിക്ക് പ്രവൃത്തി ചെയ്തതിന്റെ തുക അനുവദിക്കുകയും ചെയ്തു. കരാർ ഏജൻസി നടത്തിയ പ്രവൃത്തി പി.എം.സി പരിശോധിക്കുകയും അളവെടുക്കുകയും വിശദമായ ബില്ലുകൾ തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് തുക അനുവദിക്കേണ്ടത്. കൂടാതെ കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുക, ബോർഡ് സ്ഥാപിക്കുന്നതിന് ചെലവായ തുക എന്നിവയ്ക്ക് പ്രത്യേകം ഇൻവോയ്സ്, പ്രവൃത്തി പൂർത്തിയാക്കിയതിന്റെ ബിൽ എന്നിവ പി.എം.സി തയ്യാറാക്കി നൽകേണ്ടതുമാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും രേഖകൾ പരിശോധിക്കാതെ പി.എം.സിക്ക് നൽകുകയാണ് ചെയ്തത്. അളവ് ബുക്ക് , ബിൽ എന്നിവ ലഭ്യമാക്കാതെ തുക നൽകിയ നടപടി ക്രമപ്രകാരമല്ല.

**<u>5.നോൺ പി.എം.സി എന്ന നിലയിൽ പ്രവൃത്തി നടപ്പാക്കിയ അക്രഡിറ്റഡ് ഏജൻസിക്ക് കോൺട്രാക്ടറുടെ ലാഭവിഹിതം ഉൾപ്പടെ തുക അനുവദിച്ചു.</u>**

സ.ഉ(പി) നം.67/2021/ഫിൻ തീയതി 28-04-2021ഖണ്ഡിക 8.3 പ്രകാരം അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് നടത്തുന്നതിന് വേണ്ടി നോൺ.പിഎംസി ആയി ഏൽപ്പിക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിൻമേൽ കരാറുകാരുടെ ലാഭവിഹിതം അനുവദനീയമല്ല. മേൽ പ്രോജക്ടുകളുടെ കാര്യത്തിൽ കേരള ഇലക്ട്രിക്കൽ &അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി എന്ന സ്ഥാപനം നേരിട്ട് ആണ് പ്രവൃത്തികൾ നടത്തിയത് എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുത സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കോൺട്രാക്ടറുടെ ലാഭവിഹിതം ഉൾപ്പെട്ടിട്ടുണ്ട്.

ഉദാഹരണമായി - പ്രൈസ് എസ്റ്റിമേറ്റ് ഇനം 5.22.6 നിരക്ക് ആയി രേഖപ്പെടുത്തിയത് - 98.92/ കി.ഗ്രാം ആണ്. ആയതിന്റെ ഡാറ്റ പരിശോധിച്ചാൽ പ്രസ്തുത ഇനത്തിൽ CPOH @ 15% ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കണക്കാക്കിയത് ചുവടെ ചേർത്ത വിധമാണ്.

| | |
|---|---|
| DSR ഡാറ്റ പ്രകാരമുള്ള തുക (15%CPOH ഉൾപ്പെടെ) | 72.50 |
| 36.44% Cost Index കൂട്ടിയാൽ | 26.42 |
| ആകെ | 98.92 |
| CPOH ഒഴികെ നൽകാവുന്ന തുക | 92.467/ കി.ഗ്രാം |

ടെണ്ടർ പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി. ലിമിറ്റഡ് ഒരു പി.എം.സി ആണ്. എന്നാൽ ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ കരാർ ഉടമ്പടികളിലും ഏർപ്പെട്ടിരിക്കുന്നത് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി. ലിമിറ്റഡുമായി ആണ്. ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ഇൻവോയ്സ് തയ്യാറാക്കിയത് മേൽ കമ്പനിയാണ്. പ്രവൃത്തിയുടെ തുക നൽകിയിരിക്കുന്നത് ഇതേ കമ്പനിയുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോട്ടക്കൽ ശാഖയിലുള്ള 37591001926 നമ്പർ അക്കൗണ്ടിലേക്കാണ്. തുക കൈമാറുന്നതിന് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നതും ഇതേ അക്കൗണ്ടിലേക്കാണ്.മേൽ സ്ഥാപനം നൽകിയ ഇൻവോയ്സുകൾ പരിശോധിച്ചാൽ , പ്രസ്തുത സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ജി.എസ്.റ്റി തുക ഒഴികെയുള്ള മുഴുവൻ തുകയും സ്ഥാപിച്ച ലോ മാസ്റ്റ് ലൈറ്റിന്റെ തുകയായി കണക്കാക്കുകയും എസ്റ്റിമേറ്റിലെ ജി.എസ്.റ്റി തുക ചരക്ക് സേവന നികുതിയായി രേഖപ്പെടുത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ലംപ്സം കണക്കാക്കിയ തുക ഒഴികെ മേൽ പ്രവൃത്തികൾക്ക് കണക്കാക്കിയ തുക താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | 15% CPOH ഉൾപ്പെടെ കണക്കാക്കിയ എസ്റ്റിമേറ്റ് തുക | നൽകാവുന്ന തുക - എസ്റ്റിമേറ്റ് തുക *107.5/115 | വ്യത്യാസം |
|---|---|---|---|---|
| 20/23 | വഞ്ചോട് നീലോം എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 269339.5 | 251774 | 17566 |
| 21/23 | നിരവിൽപ്പുഴ പള്ളി മുൻവശവും സ്റ്റേഡിയം ഗ്രൗണ്ട് എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 269339.5 | 251774 | 17566 |
| 69/23 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) | 127200 | 118904 | 9106 |
| 280/23 | ലോമാസ്റ്റ് ലൈറ്റ് നിരവിൽപുഴ റേഷൻ കടയുടെ മുന്നിലും മൈലാട്ടുംകുന്ന് കൂട്ടപ്പാറ ബസ് വെയിറ്റിംഗ് ഷെഡ് മുൻവശവും | 269339.5 | 251774 | 17566 |
| 287/23 | പുതുശ്ശേരി ആയുർവേദ ആശുപത്രിക്ക് സമീപം ലോമാസറ്റ് ലൈറ്റ് | 143150.25 | 133814 | 9336 |
| 289/23 | പാലേരി ജംഗ്ഷനിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 143150.25 | 133814 | 9336 |
| 377/23 | കോറോം സ്കൂളിന് സമീപവും കാനറ ബാങ്കിന് സമീപവും | 269339.5 | 251774 | 17566 |

| | | | | |
|---|---|---|---|---|
| | ലോമാസറ്റ് ലൈറ്റ് സ്ഥാപിക്കൽ | | | |
| | ആകെ | | | 98042 |

അധികം നൽകിയ തുകയായി മേൽ പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന തുക 18% ചരക്ക് സേവന നികുതി കൂടാതെയുള്ള തുകയാണ്. പ്രസ്തുത തുകയോട് ചരക്ക് സേവന നികുതി കൂട്ടിയാൽ 115690 രൂപയും ഉൾപ്പെടെ അധികം നൽകിയിട്ടുണ്ട്.ഇത്തരത്തിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.കൂടാതെ എസ്റ്റിമേറ്റ് ഇനങ്ങളിൽ കെ.എസ്.ഇ.ബിയിൽ ഒടുക്കുന്നതിനുള്ള തുക, ഗ്രാനൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക, എ.സി.പി ഷീറ്റ് സ്ഥാപിക്കുന്നതിനുള്ള തുക, സെന്റേജ് ചാർജ്ജ് എന്നിവ ലംപ്സം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലംപ്സം തുകയ്ക്ക് ഉൾപ്പടെയാണ് ഇൻവോയ്സിൽ ജി.എസ്.റ്റി ഇനത്തിൽ ഉൾപ്പെടുത്തി ഏജൻസി കൈപ്പറ്റുകയിട്ടുണ്ട്.**<u>ചെയ്യാത്ത പ്രവൃത്തിക്ക് 6.ഏജൻസി തുക കൈപ്പറ്റി.</u>**

ഗ്രാമ പഞ്ചായത്ത് ജീവനക്കാരോടൊപ്പം 08.12.2023 ന് നടത്തിയ സ്ഥല പരിശോധനയിൽ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി. ലിമിറ്റഡ് നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും നടത്തിയതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ഗ്രാനൈറ്റ് നെയിംബോർഡ്, എ.സി.പി ഷീറ്റ് ഉപയോഗിച്ചുള്ള ഫാബ്രിക്കേഷൻ പ്രവൃത്തികൾ, കെ.എസ്.ഇ.ബിയിൽ ഒടുക്കേണ്ട തുക എന്നിവ ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണം ശേഷം നടത്തിയ പ്രവൃത്തികളുടെ അളവെടുത്തതിന്റെയും കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയുടെയും ബില്ലുകൾ, നെയിംബോർഡ്,എ.സി.പി ഷീറ്റ് ഉപയോഗിച്ചുള്ള ഫാബ്രിക്കേഷൻ പ്രവൃത്തികൾ ഉൾപ്പടെ പ്രവൃത്തികളുടെയും അളവുകൾ ഉൾപ്പെടുത്തിയുള്ള ബിൽ തയ്യാറാക്കി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി. ലിമിറ്റഡ് സമർപ്പിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും പി.എം.സി ക്ക് നൽകുകയാണ് ചെയ്തത്. മേൽ രേഖകളുടെ അഭാവത്തിൽ കെ.എസ്.ഇ.ബിക്ക് നൽകാനായി കണക്കാക്കിയ തുക, ഫാബ്രിക്കേഷൻ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക, പി.എം.സി തന്നെ പ്രവൃത്തി നടത്തിയതിനാൽ സെന്റേജ് ചാർജ്ജ് എന്നിവ പ്രസ്തുത സ്ഥാപനത്തിന് നൽകിയത് തെറ്റാണ്. ലംപ്സം വകയിരുത്തി അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | | | എസ്റ്റിമേറ്റ് ലംപ്സം തുകയുടെ വിവരം | | | | | | |
|---|---|---|---|---|---|---|---|---|---|
| | പ്രോജക്ട് നം | പേര് | KSEB Charge | ഗ്രാനൈറ്റ് നെയിം ബോർഡ് | എ.സി.പി ഷീറ്റ് | സെന്റേജ് | ആകെ | ആകെ തുകയും 18% ജി.എസ്.റ്റിയും ഉൾപ്പടെ തുക | |
| 1 | 20/23 | വഞ്ഞോട് നീലോം എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 12000 | 8000 | | 7233.5 | 27233.5 | 32135.53 | |
| 2 | 21/23 | നിരവിൽപ്പുഴ പള്ളി മുൻവശവും സ്റ്റേഡിയം ഗ്രൗണ്ട് എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 12000 | 8000 | | 7233.5 | 27233.5 | 32135.53 | |
| 3 | 69/23 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) | | | | | | | നീകുതികളും മറ്റ് ചെലവുകളും - 45903<br>ഇനം തിരിച്ചുള്ള എസ്റ്റിമേറ്റ് വിവരങ്ങൾ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലഭ്യമല്ല. |
| 4 | 280/23 | ലോമാസ്റ്റ് ലൈറ്റ് നിരവിൽപുഴ റേഷൻ കടയുടെ മുന്നിലും മൈലാടുംകുന്ന് കുട്ടപ്പാറ ബസ് വെയിറ്റിംഗ് ഷെഡ് മുൻവശവും | 12000 | 8000 | | 7233.5 | 27233.5 | 32135.53 | |
| 5 | 287/23 | പുതുശ്ശേരി ആയുർവേദ ആശുപത്രിക്ക് സമീപം ലോമാസറ്റ് ലൈറ്റ് | 10000 | 3000 | 5000 | 4028.75 | 22028.75 | 25993.93 | |
| 6 | 289/23 | പാലേരി ജംഗ്ഷനിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10000 | 3000 | 5000 | 4028.75 | 22028.75 | 25993.93 | |
| 7 | 377/23 | കോറോം സ്കൂളിന് സമീപവും കാനറ ബാങ്കിന് സമീപവും ലോമാസറ്റ് ലൈറ്റ് സ്ഥാപിക്കൽ | 12000 | 8000 | | 7233.5 | 27233.50 | 32135.53 | |
| | | ആകെ | 68000 | 38000 | 10000 | 36991.5 | 152991.5 | 180529.98 Rounded To 180530 | |

മേൽ പ്രോജക്ടുകളിൽ എടമുണ്ട എഫ്.ആർ.സിയിൽ സ്ഥാപിച്ച ലോമാസ്റ്റ് ലൈറ്റിന്റെ ഇനം തിരിച്ചുള്ള എസ്റ്റിമേറ്റ് ലഭ്യമല്ലാത്തതിനാൽ മേൽ പട്ടികയിലെ കെ.എസ്.ഇ.ബി ചാർജ്ജ് ഒഴികെയുള്ള ഇനങ്ങൾക്ക് വകയിരുത്തിയ തുകകൾ എത്രയാണെന്ന് വ്യക്തമല്ല. കൂടാതെ പ്രസ്തുത ലോമാസ്റ്റ് ലൈറ്റിന്റെ കെ.എസ്.ഇ.ബി ചാർജ്ജ് ഗ്രാമ പഞ്ചായത്ത് നേരിട്ട് അടക്കുകയാണ് ചെയ്തിട്ടുള്ളത്. രേഖകൾ ഇല്ലാത്തതിനാലും ഗ്രാനൈറ്റ് ബോർഡ്, എ.സി.പി ഷീറ്റ് പ്രവൃത്തികൾ എന്നിവ നടത്താത്തതിന്റെ അടിസ്ഥാനത്തിലും കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി. ലിമിറ്റഡ് തന്നെ നേരിട്ട് പ്രവൃത്തി നടത്തിയതിനാലും മെഷർമെന്റ് ബുക്ക് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ഗ്രാനൈറ്റ് നെയിം ബോർഡ്, എസിപി ഷീറ്റ് എന്നിവയ്ക്ക് ആകെ കണക്കാക്കിയ തുകയും 18% ചരക്ക് സേവന നികുതിയുമടക്കം 56640/- രൂപ (48000+ആയതിന്റെ 18% ) പ്രസ്തുത സ്ഥാപനത്തിന് നൽകിയത് അനുവദനീയമല്ലാത്ത ചെലവിൽ ഉൾപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ മെഷർമെന്റ് , ബില്ലുകൾ, കെ.എസ്.ഇ.ബിയിൽ തുക ഒടുക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കത്തതിനാൽ ആകെ നൽകി 1971339 രൂപയിൽ നിരാകരിച്ച 172330 (115690+56640) രൂപ കിഴിച്ച് 1799009 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 12 /2022-23 തീയതി, 07-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിരാകരിച്ച തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-17 ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി- അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുക എല്ലാ ഗുണഭോക്താകൾക്കും ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നംബർ | SO 264 /23 |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| ചെലവ് അടങ്കൽ | ₹34,79,500 ( General) |
| പദ്ധതി ചെലവ് | ₹ 30,29,729 |
| ബിൽ നംബർ | 1. 221806520209013358539 Dt 15-03-23 ₹ 9,62,185 |
| | 2. 22180652020901367404 Dt 16-3-23 ₹6,79,500 |
| | 3. 22180652020901288145 Dt 4-3-23 ₹4,78,372 |
| | 4. 22180652020901288124 Dt 4-3-23 ₹7,21,628 |
| | 5. 22180652020901428292 Dt 22-3-23 ₹ 1,88,044 |
| | Total -₹ **30,29,729** |
| നിർവ്വഹണം | ഡയറിഫാം ഇൻസ്ട്രക്ടർ |

ഡയറിഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 ൽ നടപ്പാക്കിയ പദ്ധതിയാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി നൽകുക എന്നത്. ഇതിനായി ഓഡിറ്റ് വർഷം ₹30,29,729 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച രേഖകൾ പ്രകാരം 1691 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് സബ്സീഡി തുക നൽകിയിട്ടുള്ളത്. എന്നാൽ ഈ വിധം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പൂർണ്ണമായും എത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിൽ താഴെ ചേർത്ത ഗുണഭോക്താക്കളുടെ അക്കൗണ്ട് Null എന്ന് രേഖപ്പെടുത്തികാണുന്നു. ബാക്കി ഗുണഭോക്താക്കളുടെ അക്കൗണ്ട് സ്റ്റാറ്റസ് Success എന്നും കാണിച്ചിട്ടുണ്ട്. ഈ Null കാണിച്ചിട്ടുള്ള ഗുണഭോക്താകൾക്ക് തുക യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നംബർ | ബാങ്ക് | ട്രാൻസാക്ഷൻ ID | തുക |
|---|---|---|---|---|
| Abraham .N.M | 421641344779 | District Cooperative Bank | 130251200420171 | 606 |
| Achappan | 677904224056 | Vijaya Bank (Bank Of Baroda | 211001011001150 | 1234 |
| Amina | 328472027205 | Vijaya Bank (Bank Of Baroda | 211001011001228 | 6823 |
| Ammini | 710699016912 | Vijaya Bank (Bank Of Baroda | 211001011001203 | 1479 |
| Appachan | 225510215322 | Vijaya Bank (Bank Of Baroda | 211001011000008 | 2734 |
| Babu | 344704648398 | Vijaya Bank (Bank Of Baroda | 211001011001167 | 2331 |
| Chacko.P.K | 481962200180 | Vijaya Bank (Bank Of Baroda | 21100101011000017 | 876 |
| David Mathew | 235651926054 | Vijaya Bank (Bank Of Baroda | 211001011000323 | 2083 |
| George | 562792851683 | Vijaya Bank (Bank Of Baroda | 211001011000447 | 4619 |
| Gracy Mathai | 368820012146 | Vijaya Bank (Bank Of Baroda | 211001011000887 | 1497 |
| Jisha | 657770838757 | Vijaya Bank (Bank Of Baroda | 211001011000111 | 10301 |
| John | 274094961507 | Vijaya Bank (Bank Of Baroda | 211001011000978 | 765 |
| Johny PC | 287955335697 | Vijaya Bank (Bank Of Baroda | 211001011000170 | 3675 |
| Jose | 847561403576 | Vijaya Bank (Bank Of Baroda | 211001011000221 | 387 |
| Joseph | 444276474804 | Vijaya Bank (Bank Of Baroda | 211001011000402 | 14966 |
| Kunhikrishnan.P.K | 879134343631 | Vijaya Bank (Bank Of Baroda | 211001011000067 | 343 |
| Lalisaji | 878400700706 | Vijaya Bank (Bank Of Baroda | 211001011000554 | 18393 |
| Lillikutty | 817511350640 | Vijaya Bank (Bank Of Baroda | 211001011000193 | 9004 |
| Maduprasad .C.H | 472169620702 | Vijaya Bank (Bank Of Baroda | 21100101100026 | 4535 |
| Mathai | 791999097989 | Vijaya Bank (Bank Of Baroda | 211001011000563 | 3000 |
| Muneer | 968456718417 | Vijaya Bank (Bank Of Baroda | 211001011000952 | 10449 |
| Poulose | 838508716478 | Vijaya Bank (Bank Of Baroda | 211001011000187 | 768 |
| Ramachandran | 556101490126 | Vijaya Bank (Bank Of Baroda | 211001011000209 | 1081 |

| | | | | |
|---|---|---|---|---|
| Rani | 370095575262 | Vijaya Bank (Bank Of Baroda | 211001011000178 | 214 |
| Reji. CS | 796165859112 | Vijaya Bank (Bank Of Baroda | 211001011000154 | 5726 |
| Saradha | 767017810618 | Vijaya Bank (Bank Of Baroda | 211001011000151 | 1381 |
| Sathyavathi.K | 447607829504 | Vijaya Bank (Bank Of Baroda | 211001011000031 | 3400 |
| Shilly | 211345515937 | Vijaya Bank (Bank Of Baroda | 211001011000396 | 1911 |
| Shiny | 356692763123 | Vijaya Bank (Bank Of Baroda | 211001011000242 | 3148 |
| Sibi | 372162484296 | Vijaya Bank (Bank Of Baroda | 211001011000447 | 18393 |
| Smiitha Saji | 647336381891 | Vijaya Bank (Bank Of Baroda | 211001011000532 | 2358 |
| Subaida | 6773588286804 | Vijaya Bank (Bank Of Baroda | 211001011000161 | 1241 |
| Suja | 662529031525 | Vijaya Bank (Bank Of Baroda | 211001011000243 | 1774 |
| Suresh | 697282590256 | Vijaya Bank (Bank Of Baroda | 211001011000874 | 5488 |
| Tomy | 927363370270 | Vijaya Bank (Bank Of Baroda | 211001011000095 | 616 |
| Vinod | 82157978 | Vijaya Bank (Bank Of Baroda | 211001011000699 | 1625 |
| | | | ആകെ | 1,49,224 |

മേൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക അവർക്ക് ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നമ്പർ 8 /2022-2023 തീയതി :07/12/2023) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട അക്കൗണ്ട് പരിശോധിച്ച് സബ്സീഡി തുക ഗുണഭോക്താകൾക്ക് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് വിഹിതം ഫണ്ട് വകയിരുത്തി നൽകുന്ന ഈ പ്രോജക്ടിൽ പാലിന് സബ്‌സീഡിക്ക് അർഹരായ ഗുണഭോക്താകളുടെ വിവരം ബന്ധപ്പെട്ട പാൽ സൊസൈറ്റികൾ വഴിയാണ് ശേഖരിക്കുന്നത്. ഈ വിധം ലഭിക്കുന്ന ഗുണഭോക്താക്കൾ ഓരോ സോസൈറ്റിയിലും നൽകുന്ന പാലിന്റെ അളവ്,അർഹമായ സബ്‌സീഡി തുക, ബാങ്ക് അക്കൗണ്ട് നംബർ, തുക ക്രഡിറ്റ് ചെയ്തത്, തുക ലഭിച്ചത് തുടങ്ങിയ വിഷയങ്ങൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. നിലവിൽ സൊസൈറ്റികൾ വഴി ലഭിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നംബർ പരിശോധിക്കാനാവശ്യമായ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ഓരോ ഗുണഭോക്താവും അളക്കുന്ന പാലിന്റെ അളവും അർഹമായ സബ്‌സീഡി തുകയും എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി പ്രോജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതും, പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി കാലയളവിൽ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്ത തുക ഓരോ ഗുണഭോക്താവിനും ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി തുക വരവുവച്ച ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കാനാവശ്യപ്പെടാവുന്നതാണ്.മേൽ പട്ടിക പ്രകാരം ലഭിക്കേണ്ടുന്ന തുക ഗുണഭോക്താകൾക്ക് യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിന് തുടർ വർഷങ്ങളിലെ പ്രോജക്ട് നടപ്പാക്കുന്നതിന് മുൻപ് ആനുകൂല്യം നൽകേണ്ട എല്ലാ ഗുണഭോക്താകളുടെയും ബാങ്ക് അക്കൗണ്ടിന്റെ കൃത്യത ഉറപ്പുവരുത്തിമാത്രം തുക ക്രഡിറ്റ് ചെയ്യേണ്ടതാണ്. മേൽ പ്രോജക്ടിൽ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്ത മേൽ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ₹ 1,49,224 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. തുക അക്കൗണ്ടിലേക്ക് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മറ്റിയും മേൽ പ്രോജക്ട് വിശദമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

## 1-18 അതിദരിദ്രർക്കുള്ള ഭക്ഷണവിതരണം-വിതരണരേഖകൾ സൂക്ഷിച്ചിട്ടില്ല.

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ അതിദരിദ്രർക്ക് ഭക്ഷണവിതരണം നടത്തുന്നതിനായി 2022-23വർഷം താഴെപ്പറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 265/23 |
| പ്രോജക്ട് | അതിദരിദ്രർക്കുള്ള ഭക്ഷണം നൽകുന്ന പദ്ധതിക്കായി തുക വകയിരുത്തുന്നു |
| അടങ്കൽ | 60000 |
| ചെലവഴിച്ച തുക | 54160 |
| ബിൽ നമ്പർ | 6/03.02.23-₹26830,11/30.03.23-₹23170,<br>22201022/22.03.23-₹4160 |
| ഫണ്ട് | വികസനഫണ്ട്+തനതുഫണ്ട് |

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

തുക ചെലവഴിച്ച് നാലു തവണയായി ,മാവേലിസ്റ്റോറിൽ നിന്നും ഭക്ഷണകിറ്റുകൾ വാങ്ങിയിട്ടുണ്ട്.28 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉള്ളത്.വാങ്ങിയ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.വിതരണരേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 9/22-23തീയതി 07.11.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ₹54160 തടസ്സത്തിൽ വെക്കുന്നു.

## 1-19 കുടിവെള്ളപദ്ധതികൾക്ക് തുക ചെലവഴിക്കുന്നു- വിശദവിവരങ്ങൾ ലഭ്യമല്ല.

കുടിവെള്ളപദ്ധതികൾക്ക് തുക ചെലവഴിക്കുന്നുവെങ്കിലും പദ്ധതിഫയലുകളിൽ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ ,ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ച വിവരങ്ങളോ ഇല്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണം | അടങ്കൽ | ഫണ്ട് | വൗച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 297/22(110/23) | നെടുംതൊടി കുടിവെള്ളപദ്ധതി | അ സി .എഞ്ചിനീയർ | 1300000 | CFC-200000<br>Dt Pt -1100000 | Xvfc/22-23/p/80/23.03.23<br>22201053/31.03.23 | 141555<br>1100000 |
| 316/22(58/23) | അത്യം കോട് കുടിവെള്ളപദ്ധതി | അ സി .എഞ്ചിനീയർ | 1300000 | CFC-200000<br>Dt Pt -1100000 | ബിൽ നമ്പർ11/20.02.23<br>2200897/02.03.23 | 200000<br>964994 |

പ്രോജക്ട് ഫയലിൽ കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥാവകാശം,നിലവിലെ അവസ്ഥ,സ്ഥലം വിട്ടുകിട്ടിയ രേഖകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഇല്ല.സ.ഉ.(കൈ)84/22/ത.സ്വ.ഭ.വ.19.04.22 പ്രകാരം കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണമെന്ന വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തുകയോ, കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.ഉടമസ്ഥത സംബന്ധിച്ച രേഖകളും ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ച രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-20 ഫിക്സഡ് ഡെപ്പോസിറ്റ് പലിശ എല്ലാ ദിവസങ്ങൾക്കും ഈടാക്കേണ്ടതാണ്.

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് 2022-2023 സാമ്പത്തിക വർഷത്തെ ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 31/03/2023 -ന് തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്ക്, മക്കിയാട് ശാഖയിലെ അക്കൗണ്ട് നം. 10001001011180 ൽ 35,00,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 31/03/2023 -ന് ആണ് തുക ക്രഡിറ്റ് ചെയ്തിരിക്കുന്നത്. 22/03/23 -ലെ ഭരണസമിതി തീരുമാന പ്രകാരം(നം.6/1) ഫിക്സഡ് ഡെപ്പോസിറ്റ് ഇടാൻ വേണ്ടി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, ഫിക്സഡ് ഡെപ്പോസിറ്റ് രശീതി (നം.001001005954/05.04.23) പ്രകാരം 05.04.23 മുതലുള്ള പലിശ(8.25%) ആണ് നൽകിയിരിക്കുന്നത്. 31/03/23- ന് ബാങ്ക് അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ തുക ക്രഡിറ്റ് ആയതിനാൽ 01/04/23 മുതലുള്ള പലിശക്ക് അർഹതയുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/22-23/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പലിശ മുഴുവൻ ദിവസങ്ങൾക്കും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 സ്നേഹയാനം ഓട്ടോ സർവ്വീസ് - അപാകങ്ങൾ

| | |
|---|---|
| 1 .പ്രോജക്ട് നം | SO 250/23 |
| പ്രോജക്ടിന്റെ പേര് | സ്നേഹയാനം ഓട്ടോ സർവ്വീസ് |
| അടങ്കൽ | വികസനഫണ്ട് - 25740 |
| വൗച്ചർ നം | ബിൽ 16/22-23 തീയതി 4.11.2022 |
| ചെലവഴിച്ച തുക | 25740 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ അലോപതി |

തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് കോറോം ടൗണിൽ നിന്നും രോഗികളെ എത്തിക്കുന്നതിനും അവരെ തിരിച്ച് കോറോത്ത് എത്തിക്കുന്നതിനും മോട്ടോർവാഹന വകുപ്പ് നിഷ്കർഷിക്കുന്ന നിയമങ്ങൾക്ക് വിധേയമായി ഓട്ടോ റിക്ഷ സർവ്വീസ് നടത്തുന്നതിന് വേണ്ടിയാണ് സ്നേഹയാനം എന്ന ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഓരോ ദിവസവും രാവിലെ 8.30 മുതൽ വൈകുന്നേരം 5.30 വരെ രോഗികളെ

കുടുംബാരോഗ്യ കേന്ദ്രത്തിലെത്തിക്കുവാൻ ഈ വാഹനം ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസവും സർവ്വീസ് നടത്തണം എന്ന നിബന്ധനപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച വാഹനത്തിന് ഓരോ ദിവസത്തെയും ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് വാടക നൽകുക എന്നതും ക്വട്ടേഷൻ നിബന്ധനയുടെ ഭാഗമാണ്. 2022-23 വർഷത്തിൽ മേൽ പ്രോജക്ടിനായി 25.08.2022 തീയതിയിൽ 604/2022 നമ്പർ പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ഇതുപ്രകാരം ആകെ 4 ക്വട്ടേഷനുകൾ ലഭിക്കുകയും അതിൽ ഏറ്റവും കുറവ് തുകയായ 993 രൂപ രേഖപ്പെടുത്തിയ ലത്തീഫ്.പി.എ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ഇതുപ്രകാരം 2022 ഒക്ടോബർ മാസത്തിൽ 27540 രൂപ ശ്രീ ലത്തീഫ് എന്നയാൾക്ക് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/2022 /തസ്വഭവ തീയതി 19-04-2022 ഖണ്ഡിക 8.7.2 (6) പ്രകാരം സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത പ്രാഥമീകാരോഗ്യകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, രോഗപ്രതിരോധ കുത്തവെപ്പുകൾ,മറ്റുപൊതുജനാരോഗ്യപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന്റെ ഭാഗമായുള്ള വാഹന വാടക നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുവാൻ അനുമതി ഉണ്ട്. ഇതിന്റെ ഭാഗമായാണ് മേൽ പ്രോജക്ട് തയ്യാറാക്കേണ്ടത്.

2.മേൽ പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ പ്രകാരം കരാർ ലഭിച്ച വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല. ക്വട്ടേഷൻ നിബന്ധനയിൽ വ്യക്തമാക്കിയവിധം വാഹനം ഉപയോഗിച്ചത് സംബന്ധിച്ച് ഹാജരാക്കിയ ട്രിപ്പ് ഷീറ്റിൽ എത്ര കിലോമീറ്റർ വാഹനംയാത്രചെയ്തുഎന്ന് വ്യക്തമാക്കിയിട്ടില്ല. ഓരോ ദിവസത്തെയും ട്രിപ്പ് ഷീറ്റിൽ 990 രൂപ എന്ന് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

3.ഒക്ടോബർ മാസം 1 തീയതി മുതൽ 26ാം തീയതി വരെ സർവ്വീസ് നടത്തിയതിന് 25740 രൂപ നൽകിയതായി കാണുന്നു. ക്വട്ടേഷൻ പ്രകാരം ഞായറാഴ്ചകളിൽ സർവ്വീസ് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത മാസം സേവനം നടത്തിയതായി പറയുന്ന 2/10/22, 9/10/22, 16/10/22, 23/10/22 എന്നീ തീയതികൾ ഞായറാഴ്ച ആണ്. പ്രസ്തുത ദിവസങ്ങളിൽ സർവ്വീസ് നടത്തിയതായി നൽകിയ ട്രിപ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

4.ഓട്ടോ റിക്ഷ സർവ്വീസ് നടത്തിയതിന് ട്രിപ്പ് ലോഗ് ബുക്ക് സൂക്ഷിച്ചത് ഹാജരാക്കിയിട്ടില്ല. ഓരോ ദിവസവും എത്ര വീതം ട്രിപ്പുകൾ നടത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 /2022-23 തീയതി, 12-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 25740 രൂപ തടസ്സത്തിൽവെക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഒരു പ്രോജക്ട് അനിവാര്യമാണെന്ന് കാണുന്ന പക്ഷം സർക്കാർ അനുമതിക്ക് വിധേയമായി കൃത്യമായ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും പദ്ധതി മോണിറ്റർ ചെയ്ത് രേഖകൾ സാക്ഷ്യപ്പെടുത്തുന്നത് ഉചിതമായിരിക്കും. അതിനുപുറമെ കുടംബാരോഗ്യകേന്ദ്രത്തിലേക്ക് രോഗികളെയും കൊണ്ട് നടത്തിയ യാത്ര സംബന്ധിച്ച് തയ്യാറാക്കുന്ന രേഖകൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് മേൽ ചൂണ്ടികാണിച്ച അപാകങ്ങൾ സംബന്ധിച്ച രേഖകളും വിശദീകരണങ്ങളും ഈ റിപ്പോർട്ടിന്റെ തുടർനടപടിയുടെ ഭാഗമായി ലഭ്യമാക്കുന്നതിന് വിധേയമായി തുക തടസ്സപ്പെടുത്തിയത് പുനപരിശോധിക്കുന്നതായിരിക്കും.

## 1-22 ആശുപത്രി കണ്ടിജൻസി ചെലവ് കണക്കുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആയുർവേദ ആശുപത്രി കണ്ടിജൻസി ചെലവുകൾക്ക് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എസ്.0174/23, ആയുർവേദ ആശുപത്രിക്ക് ഓഫീസ് ചെലവ് |
| അടങ്കൽ | ₹20,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹20,000/- |
| ബിൽ നം. /തീയതി | ട്രഷറി ബിൽ നം. 06/22-23, തീയതി 14.03.2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

2010 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാകുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ ഉൾപ്പെടുന്നതാണ്.

ആശുപത്രി വികസന ഫണ്ടിൽ പര്യാപ്തമായ തുകയില്ലാതെ വരുമ്പോളാണ് പഞ്ചായത്തിൽ നിന്നു ഫണ്ട്

അനുവദിക്കേണ്ടി വരുന്നത്. മേൽ പറഞ്ഞ കണ്ടിജൻസി ചെലവിനു ലഭിച്ച തുക ആശുപത്രി വികസന ഫണ്ടിൽ നിക്ഷേപിക്കാതെ നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/22-23, 06.112.2023 – ന് മറുപടിയായി മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കണ്ടിജൻസി ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുക ആശുപത്രി വികസന ഫണ്ടിൽ നിക്ഷേപിച്ച് ചെലവുകൾ നടത്തേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ – മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

തൻവർഷം ഗ്രാമപഞ്ചായത്തിന്റെ ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എസ്.0026/23, ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ |
| അടങ്കൽ | ₹4,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹4,00,000/- |
| ബിൽ നം. /തീയതി | ട്രഷറി ബിൽ നം. 02/22-23, തീയതി 07.12.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

പ്രസ്തുത പ്രോജക്ട് പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മൂന്ന് ആയുഷ് ഹോമിയോ ആശുപത്രിയിലേക്ക് (കുഞ്ഞോം, തേറ്റമല, കോറോം) മരുന്നു വാങ്ങലാണ് നടത്തിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ മുഴവൻ മരുന്നുകളും ലഭിച്ചിട്ടില്ല എന്ന് കാണുന്നു. ലഭിച്ച മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ആശുപത്രി | കോംകോയുടെ ഇൻവോയ് നം. /തീയതി | തുക |
|---|---|---|---|
| 1 | കഞ്ഞോം | Lf-1193/02.09.2023 | 69814 |
| | | Lf-1942/24.02.2023 | 32284 |
| 2 | തേറ്റമല | Lf-1199/02.08.2023 | 76210 |
| | | Lf-1919/01.11.2023 | 56790 |
| 3 | കോറോം | Lf-1181/01.09.2023 | 42458 |
| | | Lf-2174/23.11.2023 | 90542 |
| ആകെ | | | 368098 |

തൻവർഷം മുൻകൂറായി നൽകിയ തുകയിൽ ₹31,902/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക മുൻകൂറായി ഒടുക്കിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും മുഴവൻ മരുന്നുകളും ലഭിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോംകോയുമായി കരാറിൽ ഏർപ്പെട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) ഖണ്ഡിക നം. 7.6.4 (V) പ്രകാരം ഹോമിയോ മരുന്നുകൾ ഹോംകോയിൽ നിന്നോ സർക്കാർ അനുവദിച്ചിട്ടുള്ള മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ മരുന്നുകൾ ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേൻമയുള്ള മരുന്നുകൾ വാങ്ങാവുന്നതാണ്.

അധിക തുക നൽകിയതിനും, ഹോംകോയുമായി കരാറുടമ്പടിയിൽ ഏർപ്പെടാത്തതിനും, മുഴവൻ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെ കുറിച്ചും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/22-23 06.12.2023 – ക്ക് 12.12.2023 -ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ രണ്ട് സെന്ററുകളിലേക്ക് ₹1,33,000/-യുടെയും ഒരു സെന്ററിലേക്ക് ₹1,34,000/- മരുന്നുകൾ ലഭ്യമാക്കാനാണ് ഇന്റെന്റ് കൊടുത്തിട്ടുള്ളതെന്നും എന്നാൽ മുഴവൻ മരുന്നുകളും കിട്ടിയിട്ടില്ല എന്നും ഹോകോയിൽ നിന്നും കരാർ ഉടമ്പടി ആവശ്യപ്പെട്ടെങ്കിലും അവർ ആയതിന് തയ്യാറല്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ കിട്ടാൻ ബാക്കിയുള്ള മരുന്നുകളുടെ ആകെ തുക ₹31,902/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഹോകോയിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടാൻ തയ്യാറാകാത്ത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വകുപ്പ്/തദ്ദേശ ഭരണസ്ഥാപനം മുഖേന ലഭ്യമാക്കുന്ന മരുന്നുകൾക്ക് – പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആയുർവേദ ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | എസ്.25/23, |
| അടങ്കൽ | ₹8,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹8,00,000/- |
| ബിൽ നം. /തീയതി | ട്രഷറി ബിൽ നം. 01/22-23, തീയതി 03.11.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്.

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം വാങ്ങിയ മരുന്നുകൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വകുപ്പ് തലത്തിൽ ലഭിക്കുന്ന മരുന്നുകൾക്ക് വേറെ സ്റ്റോക്ക് സൂക്ഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റ് പ്രകാരം വാങ്ങിയ മരുന്നുകൾ പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/22-23 06.12.2023 -ന് മറുപടിയിൽ കണക്ക് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യാർത്ഥമാണ് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതെന്നും മേലിൽ ഒരു മെയിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകളുടെ സ്റ്റോക്ക് ഒരു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 സംരക്ഷണ ഗ്രാന്റ് പാഴാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ കോറോം നാരങ്ങച്ചാൽ റോഡ് റീടാറിംഗ് എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0152/23, |
| അടങ്കൽ | ₹7,16,000/- (റോഡ് സംരക്ഷണ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം./ തീയതി | ₹2,41,505/-, 49/22-23, 24.03.2023 |
| സാങ്കേതിക അനുമതി | LSGD/CELSGD/EST/41470/2022-23, 25.11.2022 |
| ടി. എസ്. തുക | ₹2,23,237/- |
| കരാർ | AE/LID & EW/TNP/109/2022-23, 04.03.2023 |
| കാരാറുകാരൻ | ശ്രീ. മുഹമ്മദ് റാഫി |
| ടെണ്ടർ നിരക്ക് | 8.5% (അധികം) |

മേൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതി തുക ₹2,23,237/- ആണ്. ടെണ്ടർ വ്യതിയാനം അടക്കമുള്ള ആകെ ചെലവ് തുകയാണ് ₹2,41,505/-. ആവശ്യത്തിൽ അധികം തുക വകയിരുത്തിയത് മൂലം ₹4,74,495/- (7,16,000 - 2,41,505) രൂപ പാഴായി ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/2022-23/11.12.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾ - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ കാട്ടിയേരി കോളനിയിൽ ഡ്രൈനേജ് നിർമ്മാണം എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0352/22, എസ്. 0067/23 (Spill Over) |
| അടങ്കൽ | ₹3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, വൗച്ചർ നം./ തീയതി | ₹2,60,195/-, (Vr. No. XVFC/2022-24 /P/30, 30.06.2022) |
| കരാറുടമ്പടി നമ്പർ, തീയതി | AE/LID & EW/TNP/106/21-22, 11.02.2022 |
| കരാറുകാരാൻ | ശ്രീ. ഗഫൂർ പി. |
| അളവ് പുസ്തകത്തിന്റെ നമ്പർ | 122/21-22 (പേജുകൾ 01-17) |
| ബി ഒ ക്യൂ (Bill Of Quantities) | ₹2,99,469/- |

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹2,32,317/- |

പ്രവൃത്തിയുടെ 20.01.2022 -ൽ നടന്ന ടെണ്ടറിൽ മൂന്ന് കരാറുകാരാണ് പങ്കെടുത്തത്. ഇതിൽ 2.10% കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ഗഫൂർ പി. എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത് (2021-22 ടെണ്ടർ രജിസ്റ്റർ വാല്യം II. പേജ് നം. 34).

പ്രവൃത്തിയുടെ ബിൽ/മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം (ബി ഒ ക്യൂ - വിൽ പരിമിതപ്പെടുത്തിയത്) | ₹2,32,317/- |
| ജി.എസ്.റ്റി. (12%) | ₹27,878/- |
| ആകെ ചെലവ് | ₹2,60,195/- |

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ വന്ന അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം (ബി ഒ ക്യൂ - വിൽ പരിമിതപ്പെടുത്തിയത്) | ₹2,32,317/- |
| ടെണ്ടർ വ്യതിയാനം തുക (2.10%) | ₹4,878.66 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത ശേഷം തുക | ₹2,27,438/- |
| ജി.എസ്.റ്റി. (12%) | ₹27,292/- |
| ജി.എസ്.റ്റി. കൂട്ടിയതിന് ശേഷം തുക (പ്രവൃത്തിയുടെ യഥാർത്ഥ ചെലവ്) | ₹2,54,730/- |
| അധിക ചെലവ് ( 2,60,195 - 254730 = 5465) | ₹5,465/- |

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ മേൽപറഞ്ഞ വിധം ₹5,465/- യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2022-23/11.12.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവ് ₹5,465/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 സ്റ്റോക്ക് രജിസ്റ്റർ/ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണിച്ചറും ഇലക്ട്രോണിക്ക് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | വാങ്ങിയ ഫർണിച്ചർ/ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ | ചെലവ് തുക | വൗച്ചർ/ട്രഷറി ബിൽ നമ്പർ, തീയതി | നിർവ്വഹണം |
|---|---|---|---|---|---|
| 1 | എസ്. 0258/23, കൃഷി ഭവൻ ഓഫീസിലേക്ക് ഇൻവെർട്ടറും ഫർണിച്ചറും | ഇൻവെർട്ടർ | ₹47,500/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | BRN No. 22180657016701092839/ 27.01.2023 | കൃഷി ഓഫീസർ |
| | | ഫർണിച്ചർ | ₹75,327/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | BRN No. 22180657016701296044/ 06.03.2023 | |
| 2 | എസ്. 0176/23, ജി.എ.ഡി- നിരുവിൽപുഴയിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ | ഡെസ്ക് ടോപ്പ്, പ്രിന്റർ | ₹73,301/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | 03/22-23, 20.12.2022 | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3 | എസ്. 0206/23, അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ | കമ്പ്യൂട്ടർ | ₹54,954/- (റോഡിതര സംരക്ഷണ ഗ്രാന്റ്) | 09/22-23, 06.10.2022 | അസി. എഞ്ചിനീയർ |
| 4 | എസ്. 259/23, ഐ.സി.ഡി.എസ്. | ലാപ് ടോപ്പ്, പ്രിന്റർ | ₹74,378/- (റോഡിതര | 36/22-23, 22.03.2023 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | | | | | |
|---|---|---|---|---|---|
| | സൂപ്പർവൈസറുടെ ഓഫീസിലേക്ക് ലാപ് ടോപ്പ് പ്രിന്റർ കം. സ്കാനർ അനുബന്ധ ഉപകരണങ്ങളും | | സംരക്ഷണ ഗ്രാന്റ് ) | | |
| 5 | എസ്. 0271/23, വെറ്ററിനറി ഓഫീസിലേക്ക് യു.പി.എസ്. വാങ്ങൽ | യു.പി.എസ്. | ₹77,400/- (റോഡിതര സംരക്ഷണ ഗ്രാന്റ് ) | BRN No. 22180657016901385421/ 11.03.2023 | വെറ്ററിനറി സർജൻ |
| 6 | എസ്. 0266/23, പശുവിനെ ഉയർത്തുന്ന യന്ത്രങ്ങൾ വാങ്ങൽ | പശുവിനെ ഉയർത്തുന്ന യന്ത്രം -4എണ്ണം | ₹1,99,000/- (വികസന ഫണ്ട് പൊതു വിഭാഗം ) | BRN No. 2218065701691185083/ 06.03.2023 | |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കൾ 150(b) അനുസരിച്ച് കെ.എഫ്.സി. ഫോം 18 ഫർണിച്ചറിന്റെയും മറ്റ് സ്റ്റോർസിന്റെയും സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 24.09.2010 -ലെ സർക്കുലർ നമ്പർ 80/2010/ധനം പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച ജംഗമ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി/ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തികൾ വാങ്ങുന്നതിന് ചെലവഴിച്ച തുക വാർഷിക കണക്കുകളിൽ ആസ്തി ആർജ്ജിക്കുന്നതിനുള്ള ചെലവിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് മുമ്പ് നൽകിയിട്ടുള്ള ഫർണിച്ചർ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ കൃത്യമായ കണക്കുകളില്ലാതെയാണ് വീണ്ടും നൽകുന്നത്. മുമ്പ് നൽകിയ/സ്ഥാപനത്തിൽ ഉണ്ടായിരുന്ന ജംഗമ ആസ്തികൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും നിലവിലുള്ളവ അപാര്യപ്തമാണോ എന്നും പരിശോധിക്കപ്പെടാതെയാണ് വീണ്ടും ജംഗമ ആസ്തികൾ സമാഹരിക്കുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കുന്നത് എന്ന് കാണുന്നു.

സ്റ്റോക്ക്/ആസ്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനും മേൽപറഞ്ഞ മറ്റ് ന്യൂനതകൾക്കും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 22/2022-23, 12.12.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 വിവിധപദ്ധതികൾക്ക് വിട്ടുകിട്ടിയ ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധപൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 2022-23 വർഷം കുടിവെള്ളപദ്ധതികൾ,റോഡുകൾ ,മറ്റ് നിർമ്മാണപ്രവൃത്തികൾ എന്നിവ നടപ്പാക്കുന്ന ഭൂമികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.ഓഡിറ്റിന്റെ ഭാഗമായി 08.12.23 ന് നടത്തിയ സ്ഥലപരിശോധനയിൽ,മൈലാടുംപാറ കുട്ടപ്പാറ കിണർ നിർമ്മിച്ച സ്ഥലത്തേക്ക് പൊതുവഴി ഉറപ്പാക്കിയതായി കണ്ടില്ല. പൊതുജനങ്ങൾക്ക് സുഗമമായി പ്രവേശിച്ച് വെള്ളം ഉപയോഗിക്കാവുന്ന രീതിയിലല്ല പൊതുകിണർ നിർമ്മിച്ചിരിക്കുന്നത്.കിണറിനും വഴിക്കും വിട്ടുകിട്ടിയ സ്ഥലം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.

28.05.22 ലെ 4/1 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിനായി വിവിധ റോഡുകൾക്കും മറ്റുമായി ലഭിച്ച ഭൂമി വിട്ടു നൽകുന്നതിന് തയ്യാറായ 22 പേരുടെ അപേക്ഷകൾ അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി ക്ക് തുടർ നടപടി സ്വീകരിക്കുന്നതിന് നൽകുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനം സംബന്ധിച്ച തുടർനടപടികളും വിവിധപ്രവൃത്തികൾക്ക് വിട്ടുകിട്ടിയ ഭൂമിയുടെ തുടർനടപടികൾ സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 17/22-23/11.12.23 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ മൈലാടുംപാറ കുട്ടപ്പാറ കിണറിനുള്ള സ്ഥലം വിട്ടുകിട്ടിയതായും വഴിക്കുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചു. മറ്റ് അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 എസ്.എസ്.കെ പദ്ധതി- തുക അധികം നൽകി - ക്രമീകരിച്ചില്ല

സ.ഉ (കൈ)84/2022/തസ്വഭവ /19.04.2022 നമ്പർ ഉത്തരവ് പദ്ധതി മാർഗ്ഗരേഖ (ഖണ്ഡിക 8.6.3,4 കാണുക) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണത്തിനു ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്

നൽകണം. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം , ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം.എസ്.എസ്.കെ വിഹിതവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെയിൽ നിന്നും നൽകണം.

ബി.ആർ.സി മാനന്തവാടി ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്ററുടെ 12.09.2022 ലെ നം.സി 083/2022 -23 / ബി.ആർ.സി കത്ത് പ്രകാരം 2022-23 വർഷത്തെ കരട് വാർഷിക പദ്ധതി&ബജറ്റ് പ്രകാരം തൊണ്ടർനാട് പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ വിവിധയിനം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 36,32,606/- രൂപ (Financial Target) ചെലവ് വരുമെന്നതിനാൽ ആയതിന്റെ 40% തുകയായ 14,53,043/- എസ്.എസ്.എ വിഹിതമായി ഒടുക്കുന്നതിന് നിർദ്ദേശം നൽകിയതിനാൽ ₹15,00,000/- രൂപ വിവിധ വികസന ഫണ്ടിൽ നിന്നും ചുവടെ കൊടുക്കുംവിധം ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ബി.ആർ.സി മാനന്തവാടിക്ക് (അക്കൗണ്ട് നമ്പർ - 0248101026942 , കനറ ബാങ്ക്) നൽകിയിട്ടുണ്ട്.

1.എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ ( 173/23 ) |
| അടങ്കൽ/ ചെലവ് | 10,00,000/-(വികസന ഫണ്ട് - ജനറൽ ) |
| ബിൽ നമ്പർ | 22180452015900578760/ 22.09.2022 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

2.എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി (171/23) |
| അടങ്കൽ/ ചെലവ് | 5,00,000/-(വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ | 22180652020400696203/ 27.10.2022 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

എസ് എസ് കെ വയനാട് യുടെ 21.07.2023 ലെ എ/ 269/2023/എസ്.എസ്.കെ നമ്പർ വിനിയോഗ സാക്ഷ്യപത്ര പ്രകാരം എസ്.എസ്.എ വിഹിതമായി നൽകിയ 15,00,000/- രൂപ ചുവടെ കൊടുക്കുന്ന വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും വിവിധ സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് വിവിധ ഫണ്ടുകൾ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഹാജരാക്കിയ 2022- 23 വർഷത്തെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൊണ്ടർനാട് പഞ്ചായത്തിൽ ആകെ 32,91,861/- രൂപയുടെ പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത് . ടി തുകയുടെ 40% തുകയായ 13,16,744/- രൂപയാണ് എസ്.എസ്.എ വിഹിതമായി നൽകേണ്ടത് . എന്നാൽ 15ലക്ഷം രൂപ നൽകുക വഴി 1,83,256/- രൂപ അധികം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ തുക നൽകിയതിന് വിശദീകരണവും, അനുബന്ധ രേഖകളും , തുക തിരികെ ലഭ്യമാകുകയോ/ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/11.12.2023) ഹെഡ്മാസ്റ്റർ സമർപ്പിച്ച മറുപടിയിൽ അധികമായി അടച്ച തുക തുടർ വർഷങ്ങളിൽ ക്രമീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 1,83,256/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-30 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തികരിച്ചില്ല

പട്ടിക വർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിന് അനുവദിച്ച തുക 6 ലക്ഷം രൂപയാണ്. പദ്ധതി ഫയലുകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ലൈഫ് ഭവന പദ്ധതിയിൽ 2018 -19 ൽ കരാറിലേർപ്പെട്ട ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെയായിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| **ക്രമ നം** | **പേര്** | **കൈപ്പറ്റിയ തുക** | **നിലവിലെ അവസ്ഥ / തുക കൈപ്പറ്റിയ അവസാന തീയതി** |
|---|---|---|---|
| 1 | ഭാരതി എ പി, നെടുംകുന്നിൽ | 5,40,000 | മേൽക്കൂര (19.12.2019) |

| | | | |
|---|---|---|---|
| 2 | വസന്ത , കുണ്ടറമൂല | 5,40,000 | മേൽക്കൂര<br>(18.03.2020) |
| 3 | സുചിത്ര ചന്തു, എടമുണ്ട | 5,40,000 | മേൽക്കൂര<br>(04.01.2020) |
| 4 | കമല എ.സി, അയനിക്കണ്ടി | 5,40,000 | മേൽക്കൂര<br>(23.09.2019) |
| 5 | സരിത മീങ്കുളം കുന്നിൽ | 5,40,000 | മേൽക്കൂര<br>(06.03.2020) |
| 6 | ലക്ഷ്മി മുണ്ടത്തൊരിയ്ക്കൽ | 5,40,000 | മേൽക്കൂര<br>(06.03.2020) |
| 7 | വസന്ത മണപ്പറമ്പിൽ | 5,40,000 | മേൽക്കൂര<br>(18.01.2020) |
| 8 | കീരമ്മ താഴെകൊല്ലി | 5,00,000 | മേൽക്കൂര<br>(08.05.2023) |
| 9 | രാധ മുണ്ടത്തെരിയ്ക്കൽ | 5,40,000 | മേൽക്കൂര<br>(19.12.2019) |
| 10 | നിഷ രാജൻ , അയനിക്കണ്ടി | 5,40,000 | മേൽക്കൂര<br>(23.12.2019) |
| 11 | വിനോദ് മാമ്പട്ടി | 4,20,000 | ലിന്റൽ<br>(23.12.2019) |
| 12 | പുഷ്പ കേളു, വീട്ടിക്കണ്ടി | 5,00,000 | മേൽക്കൂര<br>(03.10.2019) |
| 13 | കീര നറുനിരക്കിൽ | 4,10,000 | ലിന്റൽ<br>(28.08.2020) |
| 14 | ചന്ദ്രൻ അയിനിക്കണ്ടി | 3,10,000 | ലിന്റൽ<br>(08.01.2021) |
| 15 | കമല ചുരുളി | 90,000 | അഡ്വാൻസ്<br>(31.10.2018) |
| 16 | ലക്ഷ്മി മധു, നെല്ലേരിമന്ദം | 5,40,000 | മേൽക്കൂര<br>(23.09.2019) |
| 17 | കുമ്പ , പാലിയോട്ടിൽ | 5,40,000 | മേൽക്കൂര<br>(06.03.2020) |
| 18 | കീര വട്ടത്തിൽ | 5,00,000 | മേൽക്കൂര<br>(04.02.2023) |
| 19 | പുഷ്പ ഉതിരച്ചിറ | 2,10,000 | തറ നിർമ്മിച്ച<br>(03.07.2019 ) |
| 20 | ബിന്ദു ബാലകൃഷ്ണൻ ,എടമുണ്ട | 5,10,000 | മേൽക്കൂര<br>(08.06.2020) |
| 21 | ചണ്ണ മാരൻ , നെല്ലേരി കോളനി | 4,10,000 | ലിന്റൽ<br>(18.01.2020) |
| 22 | കുംഭ ദാരപ്പൻ , വാളറോട്ടിൽ | 5,40,000 | മേൽക്കൂര<br>(06.03.2020) |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണവും, ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/12.12.2023) ക്ക് സമർപ്പിച്ച മറുപടി ചുവടെ കൊടുക്കുന്നു.

2018- 19 മുതൽ അസി. സെക്രട്ടറി നിർവഹണം നടത്തിയതും 2022 -23 ൽ വി.ഇ.ഒ യ്ക്ക് കൈമാറിയതുമായ പദ്ധതിയിൽ തൻവർഷം 13 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പട്ടികയിൽ പരാമർശിച്ച വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചു ചേർത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും , ഭരണസമിതിയുടെയും തീരുമാന പ്രകാരം വാർഡ് വികസന സമിതിയുടെയും സഹായത്തോടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താവിന് ഭരണസമിതി തീരുമാന പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. യുക്തമായ നടപടികൾ സ്വീകരിച്ച്, ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 വെറ്ററിനറി സർജ്ജൻ ഫയൽ സൂക്ഷിക്കുന്നതിൽ അപാകത

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജന്റെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ ഫയലുകൾ പരിശോധനക്ക് സാധ്യമല്ലാത്ത രീതിയിൽ ക്രമരഹിതമായാണ് നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചിരിക്കുന്നത്. മിക്ക പദ്ധതികളുടെയും ആവശ്യമായ മുഴവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ പദ്ധതികൾ പ്രകാരവും, ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്, എത്ര തുകയാണ് ഓരോ ഗുണഭോക്താവിനും നൽകിയത് എന്നതിന്റെ വിവരങ്ങളും ഫയലിൽ സൂക്ഷിക്കുന്നില്ല.

2. ക്യാഷ് ബുക്കിൽ വരവ് ഭാഗത്തും,ചെലവ് ഭാഗത്തും തുകകൾ ചേർക്കുന്നുണ്ടെങ്കിലും, ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. ഈ തുകകൾ എന്തിനുവേണ്ടി പിൻവലിച്ചുവെന്നോ, ആർക്ക് നൽകിയെന്നോ രേഖപ്പെടുത്തുന്നില്ല.

3. രസീതുനൽകി പിരിക്കുന്ന ഗുണഭോക്തൃ വിഹിതത്തിന്റെ വരവ്, ഒടുക്കു വിവരങ്ങൾ എന്നിവ ക്യാഷ് ബുക്കിൽ ചേർക്കുന്നില്ല. ഓരോ പദ്ധതിക്കും വേണ്ടി പിരിച്ച ഗുണഭോക്തൃ വിഹിതത്തിന്റെ വിവരം ലഭ്യമല്ല

4. പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/22-23/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-32 വനിതകൾക്ക് കറവ പശു വിതരണം- രേഖകൾ ലഭ്യമല്ല

| | | | |
|---|---|---|---|
| **പ്രൊജക്ട് നമ്പർ** | S0323/23 | S0322/23 | S0324/23 |
| **പ്രൊജക്ടിന്റെ പേര്** | വിധവകൾക്ക് കിടാരി വളർത്തൽ ടി.എസ്.പി | വിധവകൾക്ക് കിടാരി വളർത്തൽ ജനറൽ | വിധവകൾക്ക് കിടാരി വളർത്തൽ എസ്.സി.പി |
| **അടങ്കൽ** | ₹ 6,88,000.00 (വികസന ഫണ്ട് ടി.എസ്.പി) | ₹ 1,60,000.00 (വികസന ഫണ്ട് ജനറൽ) ₹ 1,60,000.00 (ഗുണഭോക്തൃ വിഹിതം) | ₹ 2,04,000.00 (വികസന ഫണ്ട് എസ്.സി.പി) ₹ 68,000.00 (ഗുണഭോക്തൃ വിഹിതം) |

| | | | |
|---|---|---|---|
| ചെലവ് (₹) | ₹ 3,36,000.00 | ₹ 1,84,000.00<br>(88000 – വികസന ഫണ്ട്,<br>96000 – ഗു.വി) | ₹ 36,000.00<br>( 24000– വികസന ഫണ്ട്,<br>12000– ഗു.വി) |
| | 64000<br>(BRN No.22180652016901385384/<br>17.03.23) | 8000<br>(BRN No.22180652016901388857/<br>17.03.23) | 12000<br>(BRN No. 22180652016901381286/<br>17.03.23) |
| | 16000<br>(BRN No.22180652016901514482/<br>28.03.23) | 48000<br>(BRN No. 22180652016901385375/<br>11.03.23) | 12000<br>(BRN No. 22180652016901514116/<br>28.03.23) |
| | 112000<br>(BRN No.22180652016901514482/<br>28.03.23) | 32000<br>(BRN No. 22180652016901551982/<br>28.03.23) | 12000<br>(ചെക്ക് നം.584931/31.03.23) |
| | 16000(BRN No.22180652016901381307/<br>17.03.23) | 96000<br>(ചെക്ക് നം.584931/<br>31.03.23) | |
| | 16000(BRN No.22180652016901381303/<br>11.03.23) | | |
| | 48000(BRN No.22180652016901381246/<br>17.03.23) | | |
| | 48000(BRN No.22180652016901381295/<br>17.03.23) | | |
| | 16000(BRN No.22180652016901381274/<br>17.03.23) | | |
| നിർവ്വഹണോ-ദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ | | |

ഗ്രാമപഞ്ചായത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും വനിതകളുടെ ക്ഷേമം ഉദ്ദേശിച്ചും തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ)നം.115/2022 തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 6.3.1 പ്രകാരം യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ അഞ്ച് പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. അഞ്ച് ഗുണഭോക്താക്കളെ കമ്മിറ്റിയിൽ അംഗങ്ങൾ ആക്കി നിശ്ചയിച്ചിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ട് കിടാരിയെ വാങ്ങുകയും കിടാരിയെ വിറ്റ ആളുടെ അക്കൗണ്ടിലേക്ക് സബ്സിഡി നൽകുകയുമാണ് ചെയ്തിരിക്കുന്നത്. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ആരുടെയും ഫയലുകളിൽ, ഗുണഭോക്താവിന്റെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ ഉരു ലഭിച്ചു എന്ന രസീതി, ഗുണഭോക്താക്കളുമായുള്ള കരാർ, പർച്ചേസ് കമ്മിററിയുടെ സാക്ഷ്യപത്രം, വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റ് എന്നിവ വെച്ചിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് പ്രകാരം, മൃഗ സംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി മോണിറ്റർ ചെയ്യേണ്ടത്. എന്നാൽ, മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ ഉരുവിനെ പരിശോധിക്കാതെ വിലച്ചീട്ട് മാത്രം

അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്.

2. പ്രോജക്റ്റ് നം. 323/23(വനിതകൾക്ക് കിടാരി വളർത്തൽ ടി.എസ്.പി) -ലെ എല്ലാ ഗുണഭോക്താക്കളുടെയും ഉരുക്കളുടെ ഇൻഷുറൻസ് ഉണ്ട്. എന്നാൽ, പ്രോജക്റ്റ് നം. 322/23(വനിതകൾക്ക് കിടാരി വളർത്തൽ ജനറൽ), 324/23(വനിതകൾക്ക് കിടാരി വളർത്തൽ എസ്.സി.പി) എന്നിവയുടെ ഗുണഭോക്താക്കളുടെ ഉരുക്കളുടെ ഇൻഷുറൻസ് രേഖകൾ ഇല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/22-23/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 4,48,000.00 രൂപ തടസ്സം ചെയ്യുന്നു.

## 1-33 പശുവിനെ ഉയർത്തുന്ന യന്ത്രങ്ങൾ വാങ്ങൽ- ക്ഷീര സഹകരണ സംഘങ്ങളുമായി കരാർ ചമച്ചിട്ടില്ല

| | |
|---|---|
| **പ്രൊജക്റ്റ് നമ്പർ** | S0266/23 |
| **പ്രൊജക്റ്റിന്റെ പേര്** | പശുവിനെ ഉയർത്തുന്ന യന്ത്രങ്ങൾ വാങ്ങൽ |
| **അടങ്കൽ** | ₹ 2,00,000.00<br>(വികസന ഫണ്ട് ജനറൽ) |
| **ചെലവ് (₹)** | ₹ 1,99,000.00(BRN No.22180652016901185083/11.02.23) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | വെറ്ററിനറി സർജ്ജൻ |

വെറ്ററിനറി ആശുപത്രിയിലേക്ക് പശുവിനെ ഉയർത്തുന്ന യന്ത്രങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4 യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. എ വൺ എഞ്ചിനീയറിംഗ് വർക്കിൽ നിന്നും വാങ്ങിയ നാലു യന്ത്രങ്ങൾ, നിരവിൽപ്പുഴ KSS, പുതുശ്ശേരി KSS, മക്കിയാട് KSS, നീലം KSS എന്നീ ക്ഷീര സഹകരണ സംഘങ്ങൾക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, പശുവിനെ ഉയർത്തുന്ന യന്ത്രങ്ങൾ വെറ്ററിനറി ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്ററിലോ, ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലോ എടുക്കാതെയാണ് സൊസൈറ്റിക്ക് കൈമാറിയിരിക്കുന്നത്. ക്ഷീര

സഹകരണ സംഘങ്ങളുമായി കരാറിലും ഏർപ്പെട്ടിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/22-23/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-34 വെറ്ററിനറി ആശുപത്രിയിലേക്ക് UPS വാങ്ങൽ- സ്റ്റോക്കിൽ എടുത്തിട്ടില്ല്ല

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0271/23 |
| **പ്രൊജക്ടിന്റെ പേര്** | വെറ്ററിനറി ആശുപത്രിയിലേക്ക് UPS വാങ്ങൽ |
| **അടങ്കൽ** | ₹ 1,25,000.00<br>(റോഡിതരം) |
| **ചെലവ് (₹)** | ₹ 77,400.00(BRN No.22180652016901385421/11.03.23) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | വെറ്ററിനറി സർജ്ജൻ |

വെറ്ററിനറി ആശുപത്രിയിലേക്ക് UPS ജെം വഴി വാങ്ങിയിട്ടുണ്ട്. എന്നാൽ, UPS വെറ്ററിനറി ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്ററിലോ, ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലോ എടുത്തിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/22-23/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-35 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് 2022-2023 സാമ്പത്തിക വർഷത്തെ മുൻകൂർ രജിസ്റ്റർപരിശോധിച്ചതിൽ നിന്നും താഴെപറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അഡ്വാൻസ് രജിസ്റ്റർ പ്രകാരം, 30.06.2016 -ന് 52,200/- രൂപയും 04.08.2021 -ന് 34,944/- രൂപയും ഉൾപ്പെടെ ആകെ 87,144/- രൂപ മുൻകൂറായി, സാക്ഷരത പ്രേരകുമാരുടെ ഓണറേറിയം ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ, ഇതുവരെ ഇത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം Recoveries From Employees എന്ന ഇനത്തിൽ അബ്ദുൾ ലത്തീഫ് എന്നയാളുടെ 16,000/- രൂപയും കമറുദ്ദീൻ എന്നയാളുടെ 12,000/- രൂപയും ശമ്പളത്തിൽ നിന്നും മുൻകൂർ ഇനത്തിൽ പിടിച്ചിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽ നിന്നും ട്രാൻസ്ഫർ ആയി വന്നതാണ്. മേൽ തുക മറ്റു പഞ്ചായത്തുകളിലേക്ക് അടവാക്കേണ്ടതാണ്. അടവാക്കിയോ എന്നത് അറിയിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/22-23/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, മുൻകൂർ തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-36 ഹരിതകർമ്മസേന പ്രവർത്തനവും, മാലിന്യ സംസ്കരണവും- നിരീക്ഷണങ്ങൾ

അജൈവമാലിന്യശേഖരണത്തിലും മാലിന്യനിർമ്മാർജ്ജനത്തിലും ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന സജീവമായി പ്രവർത്തിക്കുന്നു..15.07.17 ലെ 2420/2017/ത.സ്വ.ഭ.വ ഉത്തരവ് 23/01/2019 നാണ് രൂപീകരിച്ചത്. നിലവിൽ 28 അംഗങ്ങളാണ് ഹരിത കർമ്മസേനയിലുള്ളത്.ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും പ്രവർത്തനങ്ങളെ നയിക്കുന്നതും കൺസോർഷ്യത്തിലെ എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന റിവ്യൂ മീറ്റിംഗുകളിൽ ആണ്. അംഗങ്ങളെ 4 ഗ്രൂപ്പുകളായി തിരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

മാലിന്യങ്ങൾ ശേഖരിക്കലും തരം തിരിക്കലും കൈമാറലും മാത്രമാണ് നിലവിൽ ഹരിതകർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾ.എല്ലാത്തരം അജൈവമാലിന്യങ്ങളും ശേഖരിച്ച് MCF ൽ എത്തിക്കുന്നു.വീടുകൾക്ക് പ്രതിമാസം 50 രൂപയും സ്ഥാപനങ്ങൾക്ക് പ്രതിമാസം 100 രൂപയുമാണ് യൂസർ ഫീ ഈടാക്കുന്നത്. അധികം മാലിന്യങ്ങൾ ശേഖരിക്കേണ്ട സ്ഥാപനങ്ങളിൽനിന്ന് അളവിനനുസരിച്ച് തുക കൂടുതൽ ഈടാക്കുന്നുണ്ട്.

ഓരോ വാർഡിലും മാലിന്യശേഖരണത്തിനായി 2 അംഗങ്ങളെ വീതം നിയോഗിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിക്കുന്നു. അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഓരോ വാർഡുകളിലും മിനി MCF കൾ സ്ഥാപിച്ചിട്ടുണ്ട്.നിലവിൽ 32 മിനി എം.സി.എഫുകൾ ഉണ്ട്. ഉപയോഗശൂന്യമായി പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിന് വാർഷികപദ്ധതിയുടെ ഭാഗമായി 58 ബോട്ടിൽ ബൂത്തുകൾസ്ഥാപിച്ചിട്ടുണ്ട്. MCF -ൽ എത്തിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിച്ച് കയറ്റി അയക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. അജൈവമാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് വലിയ തുക കണ്ടെത്തേണ്ടി വരുന്നത് നിലവിൽ നേരിടുന്ന വലിയൊരു സാമ്പത്തികപ്രതിസന്ധിയാണ്. 2022- 23 ൽ 46 ടൺ മാലിന്യങ്ങൾ കയറ്റി അയച്ചതിന് ക്ലീൻ കേരളയ്ക്ക് 5,42,210/- രൂപ ചെലവ് വന്നിട്ടുണ്ട്.മാലിന്യങ്ങൾ തരം തിരിച്ച് കയറ്റി അയക്കുന്നതിനും ഇത് വഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽനിന്ന് അച്ചടിച്ചുവിതരണം നടത്തുന്ന രശീതുബുക്കുകൾ ഉപയോഗിച്ചാണ് യൂസർഫീ പിരിക്കുന്നത്.പിരിക്കുന്ന യൂസർഫീ മാസത്തിൽ ഒരു ദിവസം ആണ് ബാങ്കിൽ അടക്കുന്നത്.ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഹരിതമിത്രം ആപ്പ് 22.09.22മുതൽ ഉപയോഗപ്പെടുത്തുന്നുണ്ട്.2022-23 ൽ 527090/- രൂപ യൂസർ ഫീ ഇനത്തിൽ വരവുണ്ട്. 465042/- രൂപ ഹരിതകർമ്മ സേന അംഗങ്ങൾക്ക് ഹോണറേറിയം ഇനത്തിൽ നൽകിയിട്ടുണ്ട്. 31.03.2023 ൽ 1,25,613/- രൂപ നീക്കിയിരിപ്പുണ്ട്.

പട്ടികവർഗ്ഗ,ആശ്രയ,കിടപ്പുരോഗികൾ എന്നിവരുടെ വീടുകളിൽ നിന്ന് യൂസർഫീ നിലവിൽ പിരിക്കുന്നില്ല. ഹരിതകർമ്മസേന വരവുചെലവുകണക്കുകൾക്കാധാരമായ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നുണ്ട്. കുടുംബശ്രീ ഓഡിറ്റ് നടത്തുന്നുണ്ട്.

MCF കെട്ടിടം സ്ഥിതി ചെയ്യുന്നത് പഞ്ചായത്ത് ഓഫീസിന് പുറകിലാണ്. ശരിയായ സൗകര്യം ഇല്ലാതെയാണ് മാലിന്യങ്ങൾ സൂക്ഷിക്കുന്നത്.ഫയർ & സേഫ്റ്റി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.യഥാസമയം മാലിന്യങ്ങൾ നീക്കം ചെയ്യാനാകാത്തതും വെല്ലുവിളിയാണ്.നിലവിൽ ക്ലീൻ കേരളക്ക് നൽകുന്നതിനായി Rejected Waste ഉൾപ്പെടെ കുറെയധികം മാലിന്യങ്ങൾ MCF ൽ സൂക്ഷിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ വരുമാനവർദ്ധനവിനു വേണ്ടി മറ്റ് പദ്ധതികൾ കൂടി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഭരണസമിതിയും പ്രത്യേകിച്ച് ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റിയും ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുന്നു. ചാർജ്ജ് ഓഫീസറായ വി.ഇ.ഒ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടറും പഞ്ചായത്തിലെ എല്ലാ ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പരിശ്രമിക്കുന്നത് അഭിനന്ദനീയമാണ്. ഹരിതകർമ്മ സേന അംഗങ്ങൾക്ക് വരുമാന പ്രദമായ മറ്റ് തൊഴിൽ മേഖലകൾ കണ്ടെത്തേണ്ടതാണ്. ഈ മേഖലയിലെ മറ്റ് അപാകതകൾ കൂടി പരിഹരിക്കപ്പെടേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- രേഖകൾ പരിശോധിക്കാതെ പ്രവൃത്തികൾക്ക് തുക അനുവദിച്ചു

| | |
|---|---|
| 1 .പ്രോജക്ട് നം | SO 20/23 |
| പ്രോജക്ടിന്റെ പേര് | വഞ്ചോട് നീലോം എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 350000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| വൗച്ചർ നം | XVFC/22-23/P/96 തീയതി 31/03/2023 തുക 349956/- |
| 2.പ്രോജക്ട് നം | SO 21/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നിരവിൽപുഴ പള്ളി മുൻവശവും സ്റ്റേഡിയം ഗ്രൗണ്ട് എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 350000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| വൗച്ചർ നം | XVFC/22-23/P/97 തീയതി 31/03/2023 തുക 349956/- |
| 3.പ്രോജക്ട് നം | SO280/23 |
| പ്രോജക്ടിന്റെ പേര് | ലോമാസ്റ്റ് ലൈറ്റ് നിരവിൽപുഴ റേഷൻ കടയുടെ മുന്നിലും മൈലാട്ടുംകുന്ന് കുട്ടപ്പാറ ബസ് വെയിറ്റിംഗ് ഷെഡ് മുൻവശവും |
| അടങ്കൽ | 350000 (പൊതുവിഭാഗം ) |
| ബിൽ നം | 24/22-23 തീയതി 29/03/2023 തുക 349956/- |
| 4.പ്രോജക്ട് നം | SO - 287/23 |
| പ്രോജക്ടിന്റെ പേര് | പുതുശ്ശേരി ആയുർവേദ ആശുപത്രിക്ക് സമീപം ലോമാസറ്റ് ലൈറ്റ് |
| അടങ്കൽ | 200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം | 26/22-23 തീയതി 29/03/2023 തുക 194911 |
| 5.പ്രോജക്ട് നം - | SO 289/23 |
| പ്രോജക്ടിന്റെ പേര് | പാലേരി ജംഗ്ഷനിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 200000-(വികസന ഫണ്ട് പൊതുവിഭാഗം )- |
| ബിൽ നം | 25/22-23 തീയതി 29/03/2023 തുക 194911 |
| 6.പ്രോജക്ട് നം | SO - 69/23 |
| പ്രോജക്ടിന്റെ പേര് | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) |
| അടങ്കൽ | 185000 (വികസന ഫണ്ട് - ടി.എസ്.പി -) |
| ബിൽ നം | 3/22-23 തീയതി 9/06/2023 തുക 8590/- |
| ബിൽ നം | 6/22-23 തീയതി 28/06/2023 തുക 173103/ |
| 7..പ്രോജക്ട് നം | SO377/23 |
| പ്രോജക്ടിന്റെ പേര് | കോറോം സ്കൂളിന് സമീപവും കാനറ ബാങ്കിന് സമീപവും ലോമാസറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 350000 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| വൗച്ചർ നം | XVFC/22-23/P/950 തീയതി 31/03/2023 തുക 349956/ |
| ആകെ ചെലവഴിച്ച തുക | 1971339 |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ക്രമ നം.1 മുതൽ 5 വരെയുള്ള പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനായി 26 /12/2022 തീയതിയിൽ എസ്.സി.2-20/22-23 നമ്പർ ആയി ടെണ്ടർക്ഷണിക്കുകയുണ്ടായി .ജി.ഒ.(പി) 67/2021 തീയതി 28/04/2021 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പി.എം.സി ചാർജ്ജിന് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചത്. ഇതനുസരിച്ച് താഴെപറയും പ്രകാരം 3 ടെണ്ടറുകളാണ് ലഭിച്ചത്.

| ക്രമ നം | സ്ഥാപനം | വാഗ്ദാനം ചെയ്ത സെന്റേജ് ചാർജ്ജ് |
|---|---|---|
| 1 | സ്റ്റീൽ ഇന്റസ്റ്റീയൽസ് കേരള ലിമിറ്റഡ് | 5.44% |
| 2 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. | 2.5% +18 ജി.എസ്.റ്റി18% |
| 3 | യുനൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് | 3% |

ഈ ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ). എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ നൽകുന്നതിനും കരാറുകാരെ നിശ്ചയിക്കുന്നതിനുമായി 28-1-2023 തീയതിയിൽ എസ്.സി.2-20/22-23 നമ്പർ കത്ത് മുഖേന കെൽ മാനേജർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് അയക്കുകയുണ്ടായി.

ഈ പ്രവൃത്തിയുടെ കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടണമെന്നും പ്രസ്തുത കത്തിൽ വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് 02-03-2023 തീയതിയിലെ എസ്.സി.2-20/22-23 ഉത്തരവ് മുഖേന ക്രമ നമ്പർ 1,2,3,4,5,7 നമ്പർ പ്രോജക്ടുകൾ പ്രകാരമുള്ള ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി വർക്ക് ഓർഡർ നൽകുകയുണ്ടായി. ലോമാസ്റ്റ് ലൈറ്റ് പ്രവൃത്തികൾക്കായി ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം താഴെപ്പറയുന്ന പ്രകാരമാണ്.

| | പ്രോജക്ട് നം | പേര് | തുക നൽകിയത് | എസ്റ്റിമേറ്റ് വിവരം | ഇൻവോയ്സ് നം.തീയതി | ഇൻവോയ്സ് | എഗ്രിമെന്റ് നമ്പർ |
|---|---|---|---|---|---|---|---|
| 1 | 20/23 | വഞ്ചോട് നീലോം എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 349956 | Estimate – 269339.5<br>LS<br>KSEB Charge -12000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 8000<br>സെന്റേജ് - 7233.5<br>ജി.എസ്റ്റ്.റ്റി – 53383<br>ആകെ -349956 | KEL/PFRMA/90 Dt.24.03.2023 | Cost Of Light – 296572.88<br>GST – 53383.12 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 2 | 21/23 | നിരവിൽപ്പുഴ പള്ളി മുൻവശവും സ്റ്റേഡിയം ഗ്രൗണ്ട് എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 349956 | Estimate – 269339.5<br>LS<br>KSEB Charge -12000<br>ഗ്രാനൈറ്റ് നെയിം ബോർഡ് - 8000<br>സെന്റേജ് - 7233.5<br>ജി.എസ്റ്റ്.റ്റി – 53383<br>ആകെ -349956 | KEL/PFRMA/91 Dt.24.03.2023 | Cost Of Light – 296572.88<br>GST – 53383.12 | നമ്പർ ഇല്ല. തീയതി 10/03/2022 വാറണ്ടി കാലാവധി 2 വർഷം |
| 3 | 69/23 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എടമുണ്ട എഫ് ആർ സി) | 181693 | Estimate - 127200<br>നീകുതികളും മറ്റ് ചെലവുകളും – 45903<br>8590<br>കെ.എസ്.ഇ.ബിക്ക് നേരിട്ട് നൽകിയത്<br>ആകെ- 181693 | KEL/PFRMA/58 Dt.25.03.2022 | Cost Of Light – 146697.46<br>GST – 26405.54 | നമ്പർ ഇല്ല. തീയതി 11/02/2022 വാറണ്ടി കാലാവധി 3 വർഷം |
